**KOTTAYAM PUBLIC LIBRARY**

Call No. MF 3 Acc. No. 84674

Author അബൂബക്കർ. കെ. ബി

Title അജ്ഞാതരാഘവൻ

— നോവൽ —

# അജ്ഞാതവരൻ

കെ. ബി. അബൂബക്കർ

KOTTAYAM PUBLIC LIBRARY
KOTTAYAM

DISTRIBUTING LIBRARY
No.
KOTTAYAM.

കറന്റ് ബുക്സ്
തൃശൂർ

## കെ. ബി. അബൂബക്കറിൻെറ കൃതികൾ

---

ബദർവിജയം

ഉഹദ് പരാജയം

ഇസ്ലാം ചരിത്രകഥകൾ

മുസ്ലിം ദാമ്പത്യശാസ്ത്രം

മുസ്ലിം നമസ്കാരക്രമങ്ങൾ.

അജ്ഞാതവരൻ.

സുന്നത്തുനമസ്കാരങ്ങൾ.

തങ്കക്കിനാവുകൾ

സങ്കല്പകുസുമങ്ങൾ

മൌലിദുന്നബിയ്യി

ഹസ്രത്ത് ഈസ (അ)

ഹസ്രത്ത് മൂസ (അ)

ഹസ്രത്ത് ഇബ്രാഹിം (അ)

ഇസ്ലാമികകഥകൾ

മുല്ലമാല

ഇസ്ലാമിക നമസ്കാരം

# അജ്ഞാതവരൻ

(നോവൽ)

DISTRIBU... No. DM 4519 KOTT...

സമ്പാദകൻ:

## കെ. ബി. അബൂബക്കർ

84674

വില 50 പൈസ.

പ്രസാധകർ:— ഫോൺ: 787

ആമിനാ ബുക്ക് സ്റ്റാൾ

തൃശ്ശൂർ-1.

ആദ്യം അച്ചടിച്ചതു്.

ആയിരം പ്രതികൾ.

ആയിരത്തിത്തൊള്ളായിരത്തിയമ്പത്തിനാലു് സെപ്തമ്പർ

രണ്ടാംപതിപ്പു് കോപ്പി 500

ആയിരത്തിത്തൊള്ളായിരത്തിയറുപത്തിയൊന്നു് ജനുവരി

MF3

(സർവ്വാവകാശങ്ങളും ആമിനാ ബുക്കസ്റ്റാളിന്നു്)

---

(Malayalam)

# AJNYATHA VARAN

(NOVEL)

By K. B. ABOOBACKER.

Publishers:

**AMINA BOOK STALL**

Phone: 787

TRICHUR-1. Kerala.

അച്ചടി:-

കേരളോദയം പ്രസ്സ്,

തൃശ്ശിവപേരൂർ.

# അജ്ഞാതവരൻ

കടൽത്തീരത്തു മനോഹരമായി സ്ഥിതിചെയ്യുന്ന ആ സൌധം കാണുവാൻ കൌതുകമുള്ളതാണ്. ആ മണിമാളികയുടെ പിൻഭാഗത്തായി കടൽക്കാറേറല്ക്കുവാനും, തിരമാലകളെണ്ണി ഉല്ലസിക്കുവാനും സൌകര്യമുള്ള ഒരു പൂങ്കാവനം! പുഷ്പങ്ങൾ വിടന്നു അവയുടെ സൌരഭ്യം പരത്തിക്കൊണ്ടിരിക്കുന്നു. വെൺനിലാവിൻെറ വെൺകിരണങ്ങളേററ് തിളങ്ങുന്ന പട്ടുവസ്ത്രങ്ങൾ ധരിച്ച ഒരു തരുണീമണി ആ പൂങ്കാവനത്തിലെ പൂങ്കുയിലെന്നോണം ഒരു പുഷ്പത്തെ തലോടിക്കൊണ്ട് നില്ക്കുകയാണ്. അതേ! അവളാണ് സുബൈദ. നിരാശകൊണ്ടോ മററോ വിങ്ങിപ്പൊട്ടുന്ന മുഖഭാവത്തോടു കൂടി നമ്രശിരസ്കനായി ഒരു യുവാവ് നില്ക്കുന്നു. ആ ഇരുപതുകാരൻ സൈനദ്ധീനാണ്. മന്ദമാരുതൻെറ

സ്പർശനമേററ് പുളകിതഗാത്രനാകാതെ, പുഷ്പങ്ങളുടെ സൌരഭ്യത്തിൽ മതിമയങ്ങാതെ അയാഠം നിന്നു വിയർക്കുകയാണ്. ഹൃദയത്തെ വ്രണപ്പെടുത്തുന്ന നൂറ് നൂറ് ചിന്തകഠം അവൻ തള്ളി നീക്കുകയാണ്. നീറുന്ന നിശ്വാസങ്ങളാണ് അവൻേറതു്. സുബൈദയേയും സൈനുദ്ധീനേയും മാറി മാറി നോക്കിക്കൊണ്ടു ചന്ദ്രൻ അസൂയപ്പെടുന്നുണ്ടു്. വളരെ സാമ്യതയുള്ള യുവതീ യുവാക്കന്മാരാണവർ. ഒററ നോട്ടത്തിൽ അവർ സഹോദരീസഹോദരന്മാരാണോ എന്നു സംശയിച്ചുപോകും. അതല്ലെങ്കിൽ അവർ ദമ്പതിമാരായിക്കേണമെന്നെങ്കിലും സ്രഷ്ടാവ് ഉദ്ദേശിച്ചുകാണും. ഈ രാത്രി സമയത്തു് മററാരുമില്ലാത്ത ഒരു പുഷ്പവാടിയിൽ ഇവർ നില്ക്കുന്നതിനെ മതവിശ്വാസികഠം ചോദ്യം ചെയ്യും. എന്താണ് അവരിങ്ങിനെ മൂകരായിരിക്കുന്നതു്?

ബങ്കാഠം ഉഠംക്കടലിൻേറ കരയിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണത്തിലെ വലിയ വത്തകപ്രമാണിയായ നൂറുദ്ധീൻസാഹിബിൻേറ വസതിയാണ് നാം ആദ്യം കണ്ട മണിമേട. നൂറുദ്ധീൻസാഹിബിൻേറ ഏകസന്താനമാണ് സുബൈദ. അവഠംക്ക് പതിനാറ് വയസ്സ് കഴിഞ്ഞിരിക്കുന്നുവെങ്കിലും അവളുടെ വിവാഹമിനിയും കഴിഞ്ഞിട്ടില്ല. അവഠം ചെറുപ്പംമുതൽതന്നെ ഒരുമിച്ചു കളിച്ചു, പഠിച്ചുകഴിഞ്ഞിരുന്ന ഒരു യുവാവിനെ വരിക്കേണമെന്നുള്ള അവളുടെ അമിതമായ അഭിലാഷമാണ് അവളുടെ വിവാഹത്തെ ഇത്രയും നീട്ടിക്കൊണ്ടുപോകുന്നതു. പ്രായപൂർത്തിയെത്തിയ രണ്ടു

സ്ത്രീപുരുഷന്മാർ അന്യോന്യം കാണുകപോലും ഇസ്ലാം മതദൃഷ്ട്യാ കുററകരമാണെങ്കിലും, ഒരു പ്രത്യേക പരിതോവസ്ഥയുടെ പശ്ചാത്തലത്തിലാണ് അവരതിന്നു നിർബ്ബന്ധിതരായതു്. സുബൈദയും സൈനുദ്ധീനും ഇരുഗൃഹങ്ങളിലെ കുട്ടികളാണെന്നുപോലും അവർ ബാല്യത്തിൽ അറിഞ്ഞിരുന്നില്ല! സൈനുദ്ധിൻെറ പിതാവായ സാലിം് നൂറുദ്ധീൻെറ അടുത്ത വീട്ടുകാരനും ഒരുസ്നേഹിതനുമായിരുന്നു. സാലിഹും വലിയൊരു കച്ചവടക്കാരനാണ്. ഇളംപ്രായത്തിൽ സുബൈദാ സൈനുദ്ധീൻമാക്കു ഇരുഗൃഹങ്ങളും ഒരുപോലെയായിരുന്നു കുട്ടികളുടെ ബാലലീലകളും; ചാപല്യങ്ങളും മാതാപിതാക്കന്മാരുടെ കണ്ണിന്നും കരളിന്നും കുളർമ്മ നൽകിക്കൊണ്ടിരുന്നു.

ഒരു വലിയ ധനാഢ്യൻെറ ഏക പുത്രിയായ സുബൈദ സവ്വവിധ ലൌകികാഡംബരങ്ങളും അനുഭവിച്ച് ആനന്ദനിർവൃതിയടഞ്ഞു, ദുഃഖമെന്തെന്നറിയാതെ ജീവിച്ചുവന്നു. സുബൈദ യുവത്വത്തിലേക്കു കാലൂന്നിയപ്പോഠം അവളുടെ സൌന്ദര്യത്തിന്നു വന്നുചേന്ന മാററങ്ങഠം അവണ്ണനീയമാണ്. അവളെ ഒരിക്കലെങ്കിലും കാണുവാൻ കഴിഞ്ഞിട്ടുള്ള യുവാക്കന്മാരുടെ ഹൃദയങ്ങഠം അവഠക്കടിമപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്.

സുബൈദയെ സൈനുദ്ധീന് വിവാഹം ചെയ്തു കൊടുക്കുവാൻ അവളുടെ മാതാപിതാക്കന്മാർ അഭിലഷിച്ചിരുന്നു. വിവാഹദിവസംപോലും നൂറുദ്ധീൻ മനസ്സുകൊണ്ടുറപ്പിച്ചുകഴിഞ്ഞതായിരുന്നു. നൂറുദ്ധീൻത

ന്നെ പെട്ടെന്ന് പുത്രിയെ സൈനുദ്ധീന് വിവാഹം ചെയ്തു കൊടുക്കുകയില്ലെന്ന് തീരുമാനിച്ചു. ഈ തീരുമാനത്തിന്നു പിന്നിലുള്ള ചരടുവലിയെന്താണെന്ന് ആക്കും മനസ്സിലായിരുന്നുമില്ല. നിർദ്ദാക്ഷിണ്യമായ ഈ തീരുമാനം ആ കാമുകീകാമുകന്മാരുടെ ഹൃദയങ്ങളെ മാത്രമല്ല, അവരുടെ വിവാഹം കഴിഞ്ഞു കാണുവാനാഗ്രഹിച്ചിരുന്ന സഹൃദയന്മാരുടേയും ഹൃദയങ്ങളെ വേദനിപ്പിച്ചു, വളരെയേറെ പിതൃഭക്തയും അനുസരണശീലയുമായ സുബൈദ പിതാവിൻെറ തീരുമാനത്തെ വളരെ ദുഃഖത്തോടെയാണ് ശ്രവിച്ചതു്. അവഠ വ്യസനം പ്രകടിപ്പിക്കാതെ സഹനത്തോടെ പിതാവിന് വഴങ്ങിക്കൊടുത്തു.

ഇതിനുശേഷം സുബൈദ സൈനുദ്ധീനെ കാണുവാനാഗ്രഹിക്കുകയൊ, അഥവാ വല്ലപ്പോഴും കണ്ടുമുട്ടിയാൽത്തന്നെ സംസാരിക്കുകയൊ ചെയ്തിരുന്നില്ല. തൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ ഒളിച്ചുവെച്ചിരുന്ന അനുരാഗത്തെ അവഠ സൈനുദ്ധീനെ അറിയിക്കാതെ കഴിച്ചുകൂട്ടി. സൈനുദ്ധീൻ പലപ്പോഴും അവളെ കാണുവാനും സംസാരിക്കുവാനും ശ്രമിച്ചിരുന്നുവെങ്കിലും അവളതിന്നിട നൽകാതെ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. വളരെ ഗൌരവമേറിയ ചില കാര്യങ്ങഠ സംസാരിക്കാനുണ്ടെന്നും അതിന്നവസരം ഉണ്ടാക്കിത്തരേണമെന്നും സൈനുദ്ധീൻ നിഷ്കർഷിച്ചതിൻെറ ഫലമാണീ കൂടിക്കാഴ്ച. സുബൈദ തോട്ടത്തിലെത്തിയപ്പോഠ സൈനുദ്ധീൻ അവളെ പ്രതീക്ഷിച്ചു അക്ഷമനായിരിക്കുന്നുണ്ടായിരുന്നു. അവനെ പ്രതീ

ക്ഷിച്ചിട്ടുണ്ടായിരുന്നു അവനെ ദർശിച്ച മാത്രയിൽ പ
ലവിധ വികാരങ്ങളുടെ വേലിയേററത്താൽ സുബൈദ
യുടെ മുഖം വിവർണ്ണമാവുകയും ഹൃദയം തുടിക്കുകയും ചെ
യ്തുവെങ്കിലും അവളതു പുറമെ കാണിക്കാതെ—സ്ത്രീകളു
ടെ സഹജമായ ഒതുക്കത്തോടെ—നടന്നു അവൻെറ
അടുത്തെത്തി അല്പം അകലെ മാറിനിന്നു. സുബൈദ
മുഖം താഴ്ത്തി നിന്നുകൊണ്ടു് ഗൌരവത്തിൽ പറ
ഞ്ഞു "നിങ്ങറം എന്താവശ്യത്തിന്നാണു് എൻെറ അ
ടുക്കലേക്കു് ആളെ അയക്കുന്നതു്? നാമിപ്പോറം പണ്ട
ത്തെപ്പോലെ കുട്ടികളല്ല. നമുക്കിപ്രകാരം കാണുവാനൊ
സ്നേഹബന്ധങ്ങറം പുതുക്കുവാനോ പാടില്ലെന്നു് എ
ന്നെപ്പോലെ നിങ്ങറംക്കും അറിവുള്ളതാണല്ലൊ? മേ
ലിൽ ഞാനിപ്രകാരം വരുന്നതുമല്ല" തരുണിയും സൌ
ന്ദര്യറാണിയുമായ അവറം മുഖം ചുവപ്പിച്ചു ഗൌരവ
ത്തിൽ ഞാനൊരു ചെറിയ പെൺകുട്ടിയല്ലെന്നു് പറ
ഞ്ഞു് പുഞ്ചിരി പൊഴിച്ചുകൊണ്ടു് കാൽവിരലുകൊണ്ടു
നിലത്തു വരച്ചുകൊണ്ടു് നിന്ന രംഗം മനോജ്ഞമായി
രുന്നു. പക്ഷെ അവളുടെ നയനാനന്ദകരമായ ഗോഷ്ടി
ത്തരങ്ങളും കർണ്ണാനന്ദകരമായ ഫലിതം നിറഞ്ഞ കുസൃ
തിവാക്കുകളും കണ്ടും കേട്ടും ആനന്ദനിർവൃതിയടയുന്ന
തിന്നു്, സന്താപസാഗരത്തിൽ മുങ്ങിത്തുടിക്കുന്ന സൈ
നുദ്ദീനൊഴികെ മററാരും അവിടെ ഉണ്ടായിരുന്നില്ല.
അവനാകട്ടെ ഒരു ദീർഘശ്വാസം വലിച്ചുകൊണ്ടു് അ
ടുത്തു നിന്നിരുന്ന വള്ളിയിൽനിന്നൊരു പുഷ്പം പറി
ച്ചു്, മനസ്സിൽ തിങ്ങിമറിഞ്ഞുകൊണ്ടിരുന്ന വികാര

വിചാരങ്ങളാൽ ഓർമ്മയില്ലാതെ ചെറുകട്ടികളെപ്പോലെ ആ പുഷ്പത്തിൻെറ ഓരോ ഇതളുകളും നുള്ളിക്കളഞ്ഞുകൊണ്ടിരിക്കുകയാണ്. അല്പം കഴിഞ്ഞു അടക്കാനാവാത്ത വ്യസനത്തോടെ ഇടറുന്ന തൊണ്ടയോടെ അവൻ പറഞ്ഞു "സുബൈദ! മേലിലൊരിക്കലും സുബൈദയുടെ അടുക്കലേക്ക് ആളെ അയച്ചു ബുദ്ധിമുട്ടിക്കേണ്ടതായി വരികയില്ല. ഞാനീ രാജ്യമുപേക്ഷിച്ച് ഒരു വിദേശരാജ്യത്തേക്ക് പോകുകയാണ്. പോകുന്നതിനുമുമ്പായി ഒന്നു കാണാമെന്നു് കരുതിയാണ് ആളെ അയച്ചതു്."

സുബൈദ:—"വിദേശത്തേക്കോ? നിങ്ങൾ എവിടെ പോകുന്നു."

സൈനുദ്ധീൻ:—"ഞാൻ വല്ല ദ്വീപുകളിലോ മററൊ പോയി ശേഷിച്ച ആയുഷ്കാലം കഴിക്കുവാനാണ് വിചാരിക്കുന്നതു്."

സുബൈദ:—"ദ്വീപുകളിലൊ? എന്തിനാണ് ദ്വീപുകളിൽ പോകുന്നതു്?"

സൈനുദ്ധീൻ:— "എന്തിനാണ് പോകുന്നതെന്നോ? നിൻെറ പിതാവിൻെറ പുതിയ തീരുമാനം നീയും അറിഞ്ഞുകാണുമല്ലൊ? ഇനി ആർക്കുവേണ്ടിയാണ് ഞാൻ ജീവിക്കുന്നതു്? ആത്മഹത്യ ഇസ്‌ലാംമതപ്രകാരം നിഷിദ്ധവുമാണ്. ഈ നിലയിൽ ഞാൻ രാജ്യം വിടുന്നതാണുത്തമം. കൂടാതെ ഞങ്ങളെല്ലാം കപ്പൽവ്യാപാരികളുമാണല്ലൊ?"

ഇത്രയും പറഞ്ഞപ്പോഴേക്കും ധൈര്യശാലിയായ ആ യുവാവിൻെറ നേത്രങ്ങളിൽനിന്നും അശ്രുകണ

ങ്ങൾ അടന്നുവീണു. സുബൈദ അതൊന്നും ശ്രദ്ധിക്കുന്നില്ലെന്ന നാട്യത്തിൽ ആ പുഷ്പവാടിയിലെ മനോഹരമായ കാഴ്ച്ചകൾ കണ്ടാനന്ദിക്കുന്നതുപോലെനിന്നു. അവളുടെ പ്രേമം വഴിഞ്ഞൊഴുകുന്ന കണ്ണുകൾ കടലിലെ തിരമാലകളേയും അവയിൽ ചന്ദ്രകിരണങ്ങൾ എല്ലാ്പോഴുണ്ടാകുന്ന കൌതുകത്തേയും, കടലിൽ സ്വച്ഛന്ദം വിഹരിക്കുന്ന ചെറു ചെറു നൌകകളേയും കണ്ടാനന്ദിച്ചു. നീലപ്പട്ടിൽ പൊതിഞ്ഞ വൈരക്കല്ലുപോലെ തിരകളിൽ നുരകൾ പൊടിഞ്ഞുകൊണ്ടിരുന്നു. ഇതിൻെറ നേരെ നോക്കിയാണ് സുബൈദ നിന്നിരുന്നതെങ്കിലും അവൾ കാണുന്നത് ഇതൊന്നുമായിരുന്നില്ല. സമുദ്രത്തിൽ വളരെ അകലെക്കൂടി ഒരു കപ്പൽ പോകുന്നുണ്ടെന്നും, ഒരു പക്ഷി അതിനെ പിൻതുടരുന്നുണ്ടെന്നും അവൾക്ക് തോന്നി, അവൾ കീഴ്പ്പോട്ട് നോക്കിയപ്പോൾ ഒരു പുഷ്പം അവളുടെ കാലരികിൽ വാടിക്കിടക്കുന്നതു കണ്ടു. അവൾ ഒന്നു ഞെട്ടി. അവൾ പറഞ്ഞു: "എന്തിനാണ് നിങ്ങൾ പോകുന്നത്? ഇതിന്നു മുമ്പെല്ലാം താങ്കളുടെ പിതാവായിരുന്നുവല്ലൊ പോയിരുന്നതു്?"

സൈനുദ്ധീൻ:—"എൻെറ പിതാവിന്നു് വളരെ പ്രായമായിരിക്കുന്നു. എന്തെങ്കിലും കാര്യമായ തൊഴിലിൽ ഏൎപ്പെടേണ്ട കാലം എനിക്കും അതിക്രമിച്ചിരിക്കുന്നു. പിതാവിനെ ഈ വയസ്സുകാലത്തു് ബുദ്ധിമുട്ടിക്കുവാൻ പാടില്ലെന്നു് തോന്നുകയാൽ ഇത്തവണ പിതാവിന്നു് പകരം ഞാൻതന്നെ പോകുവാൻ നിശ്ചയിക്കു

കയും എന്റെ അപേക്ഷ പിതാവ് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അടുത്ത ദിവസംതന്നെ ഞാൻ കപ്പൽ കയറുന്നതാണ്. സുബൈദ ദീർഘായുസ്സോടും മഹാ ഭാഗ്യത്തോടുംകൂടി വാഴട്ടെ.''

ഇതു കേട്ട സുബൈദ അടുത്തുണ്ടായിരുന്ന ഒരു വള്ളിക്കുടിലിന്റെ തൂണിന്മേൽ പിന്നോട്ട് ചാരിനിന്നു. ചന്ദ്രക്കലപോലെയുള്ള അവളുടെ നെററിത്തടത്തിൽ വിയപ്പ് പൊടിഞ്ഞു. അവളുടെ മുഖകമലം ചുവന്നു. ഹൃദയം ശീഘ്രഗതിയിൽ തുടിച്ചുതുടങ്ങി. അക്ഷികളിൽനിന്ന് ബാഷ്പധാര ഉതിൎന്നു. സൈനുദ്ധീൻ പരിഭ്രമിച്ചു ചുററുപാടും കണ്ണോടിച്ചു. പ്രശാന്തമായ അന്തരീക്ഷമോ, ഇളകി മറിഞ്ഞുകൊണ്ടിരിക്കുന്ന തിരമാലയാൽ അലംകൃതമായ കടൽക്കരയോ, പുഞ്ചിരിതൂകുന്ന ചന്ദ്രികയോ, വിശാലമായ പ്രകൃതിയോ അവന്റെ മനസ്സിന്നു ശാന്തി നൽകിയില്ല. അവൻ അറിയാതെ തന്നെ അവന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ പൊടിഞ്ഞു. അവൻ തന്റെ മനസ്സിന്റെ ബലഹീനതയോൎത്തു് ലജ്ജിച്ചു് കണ്ണുനീർ തുടച്ചുകൊണ്ടു് പറഞ്ഞു.

‘‘ഈ വിവരം അറിയിക്കുവാനാണു് ഞാൻ വന്നതു്. നിന്റെ പിതാവ് വിവാഹനിശ്ചയം ദുർബ്ബലപ്പെടുത്തിയ അന്നുതന്നെ ഞാൻ രാജ്യം വിടുവാൻ തീർച്ചയാക്കിയതാണ്. ഞാൻ ഇനിയില്ല! ഞാൻ ഇനി മടങ്ങിവരില്ലെന്നാണു് എന്റെ നിശ്ചയം. സുബൈദയെ ഓർമ്മയുള്ള കാലംവരെ ഞാൻ ഇനി മടങ്ങിവരില്ല തീർച്ച!! എന്നിരുന്നാലും നിന്നെ മറക്കുവാൻ സാധി

ച്ചാൽ അന്നു ഞാൻ വരുന്നതാണ്. ഇതിൽ കൂടുതലായി യാതൊന്നും എനിക്കു് പറയുവാനില്ല. അഥവാ പറഞ്ഞാൽ നിനക്കു് മനസ്സിലാവുകയില്ല. എങ്കിലും ഒന്നു തീർച്ചയാണ്; ഈ ലോകത്തേക്കാളും അതിലുള്ള സർവ്വത്തേക്കാളും ഞാൽ നിന്നെ സ്നേഹിക്കുന്നു. എൻെറ പ്രേമഭാജനം! ഞാൻ നിന്നെ ജീവനേക്കാറം സ്നേഹിക്കുന്നു."

ഇത്രയും പറഞ്ഞുകൊണ്ടു് സൈനുദ്ധീൽ സുബൈദയുടെ മുഖത്തു നോക്കാതെ അങ്ങുമിങ്ങും ഉലാത്തിക്കൊണ്ടിരുന്നു. അവന്നല്പം ആശ്വാസം തോന്നിയപ്പോറം സുബൈദയുടെ സമീപത്തു് വന്നു പ്രേമം വഴിഞ്ഞൊഴുകുന്ന നയനത്തോടെ, വ്യസനപാരവശ്യത്താൽ മൌനം ദീക്ഷിച്ചിരിക്കുന്ന സുബൈദയെ ഒന്നു കടാക്ഷിച്ചുകൊണ്ടു് പറഞ്ഞു: "പ്രിയെ! നീ എന്നെ അത്യധികം സ്നേഹിക്കുന്നുണ്ടെന്നു് എനിക്കറിയാം. പക്ഷെ സമുദായം നമ്മെ ബന്ധിച്ചിരിക്കയാണ്! നമ്മുടെ രണ്ടാത്മാക്കറം ഇണങ്ങിക്കഴിഞ്ഞു. എന്നാൽ മാതാപിതാക്കന്മാരുടെ മനസ്സ് ഇനിയും ഇണങ്ങിയിട്ടില്ല! വിധിയതായിരിക്കാം! അധികം താമസിയാതെ നിനക്കു് മററൊരാളുടെ പത്നീപദം സ്വീകരിക്കേണ്ടിവരും. അതിനാൽ നീ കഴിയുന്ന വേഗം എന്നെ മറന്നേക്കണം. നാം തമ്മിൽ ഇനി കണ്ടുമുട്ടുവാൻ ഇടവരാതിരിക്കട്ടെ എന്നാണെൻെറ പ്രാത്ഥന." ഇത്രയും പറഞ്ഞുകൊണ്ടു് സൈനുദ്ധീൻ അവിടെനിന്നു പോയി.

സുബൈദ കുറച്ചുനേരംകൂടി അവിടെയിരുന്നു. അപ്പോഴേക്കും അവളുടെ തോഴി ആയിശ വന്നു അവളെ ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. സുബൈദ ഭക്ഷണത്തിന്നട്ടത്തിരുന്നു, ഭക്ഷണംകഴിച്ചെന്നു വരുത്തി ക്കൂട്ടി ഒരു വിധത്തിൽ ശയനമുറിയിൽ പ്രവേശിച്ചു. അവൾ മെത്തയിൽ അങ്ങുമിങ്ങും ഉരുണ്ടു കഴിച്ചുവെന്നല്ലാതെ നിദ്രാദേവി അവളെ അനുഗ്രഹിച്ചില്ല. ഏതോ ഒരു ചിന്ത അവളെ അസ്വാസ്ഥ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആ രാത്രി അവൾക്കൊരു കാളരാത്രിതന്നെയായിരുന്നു. ഒരു വിധത്തിൽ അവൾ നേരം പ്രഭാതമാക്കി.

രാവിലെത്തന്നെ അവൾ എഴുന്നേററു. അവളധികം താമസിയാതെത്തന്നെ അവളുടെ സ്നേഹിതയെ കാണുവാൻ പോയി. ആ യാത്രയിൽ അവൾക്കു രണ്ടുദ്ദേശമുണ്ടായിരുന്നു. ജുമൈല—അവളുടെ സ്നേഹിത—യെക്കണ്ടു അവളുടെ വ്യസനത്തെ അറിയിക്കണം. കഴിയുമെങ്കിൽ സൈനുദ്ധീനെ അവസാനമായൊന്നു കാണണം! പൊതുനിരത്തിന്നരികെയായും അവളുടെ വീടിന്നേററവും അടുത്തായും സ്ഥിതിചെയ്യുന്ന ജുമൈലയുടെ ചെറുകുടിലിലേക്ക് അവൾ നടന്നുപോയി. അകത്തു പ്രവേശിച്ച സുബൈദയെ പ്രതീക്ഷിച്ചിട്ടെന്നോണം തന്നെ ജുമൈല ഗ്രന്ഥപാരായണത്തിലേർപ്പെട്ടുകൊണ്ടിരുന്നിരുന്നു.

"അസ്സലാമു അലൈക്കും!"

സുബൈദ ജുമൈലയെ അഭിസംബോധനചെയ്തു.

"വ അലൈക്കുമുസ്സലാം"

ജൂമൈല പ്രത്യുത്തരം നൽകി, ഗ്രന്ഥം മടക്കിവെച്ചു് പായ നിവത്തി ഇട്ടുകൊടുത്തു. സുബൈദ ആസനസ്ഥയായി.

"എന്താ! ഇന്നു് ആദ്യമായിട്ടു്" ജൂമൈല സംഭാഷണമാരംഭിച്ചു.

സുബൈദ:— "ജൂമൈലയെ ഒന്നു് കാണുവാൻ തന്നെ?"

ജൂമൈല:—"എന്നെക്കാണുവാൻ മാത്രമായിരിക്കയില്ല; വല്ല പുതിയ കഥകളുമുണ്ടായിരിക്കും! സുബൈദ! ഇപ്പോഴാണു് നിങ്ങളെ സൈനുദ്ധീൻ കാണേണ്ടതു്! നിങ്ങൾക്കിപ്പോൾ ഒരു പ്രത്യേക സൌന്ദയ്യമുള്ളതായി തോന്നുന്നു. ഇന്നലെ ഉറങ്ങിയിട്ടില്ല; കണ്ണുകൾ ചുകന്നിരിക്കുന്നു, മുഖം വിവശമായിരിക്കുന്നു. ആകപ്പാടെ ഒരു വല്ലായ്മ!"

സുബൈദ:—"ഓ! തുടങ്ങിയല്ലൊ കുസൃതിത്തരങ്ങൾ! എനിക്കിന്നലെ ഒരു തലവേദനയുണ്ടായിരുന്നു. വേറെ വിശേഷിച്ചൊന്നുമല്ല."

ജൂമൈല:—"അതെ! അതെ! അതു ഒരുതരം തലവേദനയാണു്! അമൃതാഞ്ജനംകൊണ്ടോ, ആസ്പ്രൊകൊണ്ടോ മാറാത്ത തലവേദന! പക്ഷെ അതിനൊരു ഔഷധമുണ്ടു്! സിദ്ധൌഷധം!! ഇതാ, ഇപ്പോൾതന്നെ സൈനുദ്ധീൻ ഇതിലെ കപ്പൽ കയറുവാൻ പോകും. അപ്പോൾ നീ ഒന്നപേക്ഷിച്ചുനോക്കു! പോകേണ്ടെന്നു്. എന്നാൽ തലവേദനയും സുഖമാകുമല്ലൊ?"

സുബൈദ:—"അതെ! സൈനുദ്ധീൻ പോകുമ്പോൾ നമുക്കൊന്ന് കാണണം കേട്ടോ?! അതൊരുപക്ഷെ അവസാനത്തെ കാണലുമായിരിക്കും."

ജുമൈല:—"അതെന്തേ! അങ്ങിനെയായോ?" സുബൈദ തലേരാത്രിയുണ്ടായ വിവരങ്ങൾ മുഴുവനും വിശദമായി ജുമൈലയെ കേൾപ്പിച്ചു. ജുമൈല ചോദിച്ചു. "ഇതിന്നു മറ്റൊരു ഉപാധിയും നീ കാണുന്നില്ലയോ?" എന്ന്.

സുബൈദ:—"ഇനി ഇതിന്നുപാധിയെന്താണ ? മാതാപിതാക്കന്മാരെ ശല്യപ്പെടുത്തുക! അഥവാ അവരെത്തന്നെയല്ല എന്നേയും തന്നെ നശിപ്പിക്കുക! അതു ചെയ്യാമൊ?"

ജുമൈല:— "ആ! അതു കഷ്ടമാണ്. എല്ലാം ദൈവേഛയാണ്! നാം അതെല്ലാം അനുഭവിക്കുക! വിധിപോലെ വരട്ടെ!"

ഇത്രയുമായപ്പോഴേക്കും വാഹനങ്ങളുടെ ശബ്ദം കേട്ടുതുടങ്ങി. അവർ പുറത്തുവന്നു ആദ്യത്തെ വാഹനത്തിൽത്തന്നെ സൈനുദ്ധീനും പരിവാരങ്ങളും ഉണ്ടായിരുന്നു. അവർ നോക്കിക്കണ്ടു; കൺമറയുന്നതുവരെ! സുബൈദ കരഞ്ഞുപോയി. അവൾ ഒരു ചെറുകുട്ടിയെപ്പോലെ ഉറക്കെ കരയുമെന്നു തോന്നിയപ്പോൾ ജുമൈല അവളെ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി

സുബൈദ —സൈനുദ്ധീൻമാരുടെ വിവാഹം ഇത്ര പെട്ടെന്ന് വേണമെന്ന് വെക്കുവാൻ നൂറുദ്ധീനെ പ്രേരിപ്പിച്ച സംഗതി എന്താണെന്ന് ആർക്കും അറിഞ്ഞുകൂട.

അയാളുടെ ആത്മമിത്രങ്ങളോടുപോലും അദ്ദേഹം ആ സംഗതി പ്രസ്താവിച്ചിരുന്നുമില്ല. അന്വേഷകന്മാരോട് അദ്ദേഹത്തിൻെറ മറുപടി ഇത്രമാത്രമായിരുന്നു. "ഞാൻ പ്രവർത്തിക്കുന്നതിനെപ്പററി ഞാൻ നല്ലവണ്ണം മനസ്സിലാക്കുന്നുണ്ട്." ഇതിനുശേഷം പലരും സുബൈദയെ വിവാഹത്തിന്നന്വേഷിച്ചുകൊണ്ടിരുന്നുവെങ്കിലും അതൊന്നും നൂറുദ്ധീന്നു് സമ്മതമായിരുന്നില്ല. സുബൈദയുടെ വിവാഹകാര്യത്തെപ്പററി ആരെങ്കിലും എന്തെങ്കിലും സംസാരിക്കുന്നതുതന്നെ അദ്ദേഹത്തിന്നു് തൃപ്തികരമല്ലാതായിത്തീൎന്നു.

ഒരു ദിവസം സുബൈദയുടെ മാതാവ് അവരുടെ ശയനമുറിയിൽവെച്ച് ഭൎത്താവുമായി പലതും സംസാരിച്ചുകൊണ്ടിരുന്ന കൂട്ടത്തിൽ മകളുടെ വിവാഹകാര്യത്തെക്കുറിച്ച് വിനീതമായി അന്വേഷിച്ചു. അദ്ദേഹമപ്പോൾ പറഞ്ഞു. "നമ്മുടെ ഗുരു വരട്ടെ! അദ്ദേഹത്തോടന്വേഷിച്ച് നമുക്ക് വേണ്ടതുപോലെ ചെയ്യാം."

സൈനുദ്ധീൻ കപ്പൽയാത്രപോയി വിശേഷസംഭവങ്ങളൊന്നുമില്ലാതെതന്നെ രണ്ടു വർഷം കഴിഞ്ഞു. ഇതിന്നിടയിൽ നൂറുദ്ധീൻസാഹിബ് സുബൈദയുടെ വിവാഹകാര്യത്തെപ്പററി യാതൊരന്വേഷണവും ചെയ്തിരുന്നില്ല.

സുബൈദ അവളുടെ മനോദുഃഖങ്ങളെ സഹിച്ചുകൊണ്ടു് ജീവിക്കുകയാണ്. പലൎക്കും പലപ്പോഴും ജീവിതത്തിൽ താല്പൎയ്യമില്ലാതെതന്നെ ജീവിക്കേണ്ടതായി വരുന്നുണ്ടു്. പരിചയക്കാരികളായ വൃദ്ധകളോ അ

വളുടെ സഖികളോ ആരെങ്കിലും അവളുടെ വിവാഹ ത്തെ സംബന്ധിച്ചു വല്ലതും സംസാരിച്ചുകേട്ടാൽ അവളു ടെ ഹൃദയത്തിൽ പൊങ്ങിവരുന്നതു് സൈനുദ്ധീനായി രിക്കും! ചെന്താമരപ്പൂപോലെ പ്രസന്നവും കോമളവു മായ ആ മുഖകമലവും, വിശാലമായ നെററിത്തടവും, നീണ്ടു തടിച്ചുരുണ്ട കൈകളും, വിരിഞ്ഞമാറിടവും അ വൾ നോക്കിക്കണ്ടുകൊണ്ടിരിക്കും! സൈനുദ്ധീൻ ആ യിരത്തിലധികം നാഴിക ദൂരെയാണെങ്കിലും സുബൈദ തൻെറ ഹൃദയേശ്വരനെ നിത്യവും എല്ലായ്പോഴും കണ്ടു കൊണ്ടിരിക്കുന്നു! പിതാവിൻെറ അനാസ്ഥയിൽ അ വൾക്കു് ഒരു ഭാഗത്തു് സന്തോഷവും മറുഭാഗത്തു് സ ന്താപവും ആശ്ചര്യവും തോന്നുകയാണ്! സുബൈദയു ടെ പ്രായക്കാരായ യുവതികളിൽ ഭൂരിഭാഗവും ഇന്നു് വിവാഹിതകളും, ചിലർ മാതാക്കളും ആയിക്കഴിഞ്ഞി രിക്കുന്നു. ഒരു വർഷം കൂടി കഴിഞ്ഞു. സൈനുദ്ധീൻ വന്നിട്ടില്ല. സുബൈദയുടെ പിതാവിന്നു് മാനസാന്ത രവുമുണ്ടായിട്ടില്ല. സുബൈദയാകട്ടെ സൈനുദ്ധീൻ ത ന്നെ വിസ്മരിച്ചിട്ടില്ലെന്നും, വിസ്മരിച്ചുവെങ്കിൽ വരുമാ യിരുന്നുവെന്നും ചിന്തിച്ചു വ്യസനിക്കാറുണ്ടു്.

ഈ സന്ദർഭത്തിൽ നൂറുദ്ധീനോടും കുടുംബത്തോ ടും ഉടനെ ഗുരുവിൻെറ നാട്ടിലേക്കു് ചെല്ലേണമെന്നു് കാണിച്ചുകൊണ്ടു് ഗുരുവിൻെറ ഒരെടിയന്തരക്കത്തു് നൂ റുദ്ധീനു് കിട്ടി: ഇവരുടെ നാട്ടിൽ തൊണ്ണൂറെറട്ടു ശത മാനവും ഗുരുവിൻെറ ശിഷ്യന്മാരായ ആളുകളായിരുന്ന തിനാൽ അദ്ദേഹത്തിൻെറ ആജ്ഞാനുവർത്തികളായിരു

ന്നു. ഗുരുവിൻെറ ആവശ്യപ്രകാരമായിരുന്നു സുബൈദയുടെ വിവാഹനിശ്ചയം ദുർബ്ബലപ്പെടുത്തിയതു്. ഒരു പക്ഷെ ആ വിഷയത്തിനുവേണ്ടിയായിരിക്കും ശൈഖ് കുഡുംബസഹിതംതന്നെ ക്ഷണിച്ചിരിക്കുന്നതെന്നു് നൂറുദ്ധീനുതോന്നി. അവർ ഉടനെ ഗുരുവിൻെറ നാട്ടിലേക്കു് കപ്പൽ കയറി.

നൂറുദ്ധീനും കുഡുംബവും ഗുരുവിൻെറ വിശാലമായ ബംഗ്ലാവിൽ വണ്ടിയിറങ്ങിയപ്പോൾ അവർ പ്രതീക്ഷിച്ചിട്ടില്ലാത്ത—അത്രയും ഹാർദ്ദവമായ—ഒരു സ്വീകരണമാണ് ഗുരുവിൽനിന്നു് അവക്കു ലഭിച്ചതു്. ഉപചാരങ്ങൾക്കുശേഷം ശൈഖ് നൂറുദ്ധീനുമായി ചില സ്വകാര്യസംഭാഷണങ്ങൾ നടത്തി. അനന്തരം നൂറുദ്ധീൻ പ്രസന്നവദനനായി പത്നിയുടെ അടുത്തുചെന്നു് പറഞ്ഞു: "ശൈഖ് സുബൈദയുടെ വിവാഹം ഇന്നുതന്നെ നടത്തേണമെന്നു് അരുളിയിരിക്കുന്നു വരൻ തത്സമയം ഇവിടെ ആഗതനാകുമെന്നും അപ്പോൾ കാണാമെന്നും പറഞ്ഞിരിക്കുന്നു." നൂറുദ്ധീൻെറ ഭാര്യ്യ ആരിയ പറഞ്ഞു: "അല്ല! ഇതെന്തൊരത്ഭുതമാണ്? ആരെന്നോ ഏതു രാജ്യക്കാരനെന്നുപോലുമോ വിവരമില്ലാത്ത ഒരാൾക്കെങ്ങിനെയാണ് നമ്മുടെ കുട്ടിയെ പിടിച്ചുകൊടുക്കുക?"

നൂറുദ്ധീൻ:—"പ്രിയതമെ! മനുഷ്യസമുദായത്തിൻെറ ആത്മീയവും ഭൌതികവുമായ ഉല്ക്കർഷത്തിനു് ഒരു ജ്ഞാനഗുരു അത്യന്താപേക്ഷിതമാണ്. ആ തത്വത്തെ അടിസ്ഥാനമാക്കിയാണ് നാം ഈ ഗുരുവിനെ

അനുകരിക്കുന്നതു്. നമ്മുടെ ഗുരുവാകട്ടെ ശിഷ്യഗണങ്ങളുടെ ഇഹപര സൌഭാഗ്യത്തിന്നു് ശ്രമിക്കുകയും, നാം പിഴച്ചുപോകുന്നുണ്ടെങ്കിൽ അതിൽനിന്നു രക്ഷിക്കുകയും ചെയ്യുന്ന മഹാനാകുന്നു. ആ നിലക്കു് നമ്മുടെ പുത്രിക്കു് അനുയോജ്യനല്ലാത്ത ഒരാളെ വരനായി ശൈഖ് സ്വീകരിക്കുകയോ, നമ്മെ ശാസിക്കുകയൊ ചെയ്യുമെന്നു് എങ്ങിനെ വിശ്വസിക്കുന്നു?"

നൂരിയ:—"ആ വിഷയത്തിൽ സംശയിക്കുവാനില്ല. പക്ഷെ നമ്മുടെ കുഡുംബങ്ങളോടോ ബന്ധുമിത്രാതികളോടോ ആലോചിക്കാതെ ആ സംഗതി ഇവിടെ വെച്ചു നിർവ്വഹിക്കുന്നതു ശരിയാണൊ?"

നൂറുദ്ധീൻ:—"വിവാഹദിവസം മുതൽ അഞ്ചു വർഷം തികയുന്നതുവരെ വധൂവരന്മാർ അന്യോന്യം ദർശിക്കുകപോലും പാടില്ലെന്നും, അതിന്നു വിരുദ്ധമായി പ്രവൎത്തിക്കൽ ആപത്തിനിടയാണെന്നും, ഗുരു നിർദ്ദേശിക്കുന്ന പുരുഷന്നു് പുത്രിയെ കൊടുക്കുന്നതിൽ ചില പ്രത്യേക ഗുണങ്ങളുള്ളതുകൊണ്ടു് വിവാഹകർമ്മം മാത്രം കഴിക്കുന്നതു് ഗുണകരമാണെന്നും ആണ് ഗുരു പറയുന്നതു്."

നൂരിയ:—"ഗുരു പറയുംപ്രകാരം കാൎയ്യങ്ങളെല്ലാം നടത്തുകതന്നെ."

ഇത്രയും പറഞ്ഞശേഷം നൂറുദ്ധീൻ അവിടെനിന്നുപോയി. നൂരിയ സുബൈദയുടെ അടുത്തുചെന്നു് വിവരങ്ങളെല്ലാം പറഞ്ഞുകേൾപ്പിച്ചു. സുബൈദ ഇത്രമാത്രം പറഞ്ഞു: "മാതാപിതാക്കൾക്കും അഭിവന്ദ്യരാ

യ ഗുരുവിന്നും തൃപ്തികരമാണെങ്കിൽ എന്നോടന്വേഷി ക്കേണ്ടതില്ല" സുബൈദയുടെ ആത്മഗതി ഇപ്രകാരമാ യിരുന്നു "എൻെറ ഹൃദയേശ്വരനെ വരനായി ലഭിക്കാ തിരുന്നാൽ പിന്നെ ആരായാലെന്താണ്? ഗുരു നിശ്ച യിക്കുന്നതു് ഒരു സ്വർണ്ണവിഗ്രഹമായിരുന്നാലും, ഒരു കുലടനായ വിരൂപിയായിരുന്നാലും ശരിതന്നെ."

രാത്രി ഒമ്പതുമണിയായപ്പോഴും ആ ഗൃഹത്തിൽ വിവാഹത്തിനുള്ള യാതൊരു ഒരുക്കങ്ങളുമില്ലെന്നല്ല; അയൽവാസികൾപോലും അറിഞ്ഞിരുന്നില്ല. നിശ്ചി തസമയം ആസന്നമായപ്പോൾ വരനെ കണ്ണുകൾ മൂടി ക്കെട്ടിക്കൊണ്ടു് രണ്ടു യുവാക്കൾ വേദിയിലേക്കാനയി ച്ചു. അപ്പോൾ ആ മുറിയിൽ നൂറുദ്ധീനും പുതുമാരനും ആ രണ്ടു യുവാക്കളും അല്ലാതെ മററാരുമുണ്ടായിരുന്നി ല്ല. ഗുരു മുറിയിൽ പ്രവേശിച്ച ഉടനെ വിവാഹം നട ത്തപ്പെട്ടു. സുബൈദയെ രണ്ടു കണ്ണുകളും കെട്ടിക്കൊണ്ടു അങ്ങോട്ടു് കൊണ്ടുവരുവാൻ ഗുരു നൂറുദ്ധീനോടാജ്ഞാ പിച്ചു. നൂറുദ്ധീൻ മകളുടെ മുറിയിൽ ചെന്നു് ആദ്യമാ യി ഒരു ശീലകൊണ്ടു അവളുടെ കണ്ണുകൾ അടക്കി ക്കെട്ടി. ഇതെന്തിനാണെന്നു് അവൾ പിതാവിനോ ടു് ചോദിച്ചപ്പോൾ ശൈഖിൻെറ കല്പനയാണെന്നു് നൂറുദ്ധീൻ ഉത്തരമായി പറഞ്ഞു. അവളെ വിവാഹമു റിയിലേക്കു് കൂട്ടിക്കൊണ്ടുപോയി. ശൈഖ് ആ ദമ്പ തികളോടു് ഇപ്രകാരം പറഞ്ഞു: "വധൂവരന്മാരെ! നി ങ്ങൾ അന്യോന്യം കണ്ടിട്ടില്ലെങ്കിലും നിങ്ങളീ നിമി ഷംമുതൽ ദമ്പതിമാരായിക്കഴിഞ്ഞിരിക്കുന്നു. നിങ്ങളി

രുപേരും അങ്ങുമിങ്ങും അറിയുകയും, ഭാര്യാഭർത്താക്കന്മാരായി ജീവിക്കുകയും ചെയ്യുവാൻ ഇന്നു മുതൽ അഞ്ചുവർഷത്തേക്കു് പാടില്ല. നിങ്ങളിരുവരും അന്യോന്യം കാണുവാനിടവന്നാൽ ആപത്തുകളെ പരിഗണിക്കാതെ നിങ്ങൾ ദാമ്പത്യസുഖത്തിലേർപ്പെട്ടുപോകും. അതു വരാതിരിക്കുവാനാണു് നിങ്ങൾ രണ്ടുപേരുടേയും കണ്ണുകൾ കെട്ടിച്ചതു്. നിങ്ങൾക്കു വിവാഹകാലം അതിക്രമിച്ചിരിക്കയാലും, നിങ്ങൾക്കു് അപവാദങ്ങൾ വരാതിരിക്കുവാനുമാണു് ഇത്ര പെട്ടെന്നു് ഈ ക്രിയ നടത്തിയതു്. നിങ്ങൾ രണ്ടുപേരും ഈ ലോകത്തുവെച്ചു് കണ്ടുമുട്ടുമെന്നു് തീർത്തു പറയുവാൻ എനിക്കു നിവൃത്തിയില്ല. ഭാഗ്യവശാൽ നിങ്ങൾ കണ്ടുമുട്ടിയാൽതന്നെ തിരിച്ചറിയുവാൻ സാദ്ധ്യവുമല്ല. പക്ഷെ അതിന്നൊരു ഉപാധി ഉപദേശിക്കാം. എൻെറ പക്കൽ രണ്ടു മോതിരങ്ങളുണ്ടു്. അവ നവരത്നങ്ങളെക്കൊണ്ടു് നിർമ്മിക്കപ്പെട്ടവയാണു്. അവയുടെ ഉൾഭാഗത്തു് ഓരോ മയിലിൻെറ ആകൃതികളുണ്ടു്. അവ രണ്ടും ഞാൻ നിങ്ങൾക്കു് സമ്മാനിക്കാം. ഭൂമുഖത്തു അവയ്ക്കു് സാമ്യതയുള്ള മോതിരങ്ങളുണ്ടായിരിക്കുകയില്ല. അങ്ങിനെയൊന്നുണ്ടാക്കുവാൻ ആൎക്കും സാധിക്കുകയുമില്ല. ഇവകൾ ഞാൻ സ്വന്തമായി നിർമ്മിച്ചതാണു്. ഇങ്ങിനെയുള്ള ഒരു മോതിരം ഒരു പുരുഷൻെറ വിരലിന്മേൽ കണ്ടാൽ ഹേ! യോഷാമണിയെ! അതു നിൻെറ ഭർത്താവാണെന്നു് നീ കരുതിക്കൊള്ളുക! ഹേ! യുവാവെ! നിൻെറതുപോലെയുള്ള ഒരു മോതിരം ഏതു സ്ത്രീയിൽ

കാണുന്നുവോ അവരം നിന്റെ ഭാര്യയാണെന്നു് നീയും മനസ്സിലാക്കേണ്ടതാണു്. ഈ മോതിരങ്ങരം നിങ്ങരം ഭദ്രമായി സൂക്ഷിക്കേണ്ടിയിരിക്കുന്നു. എത്രതന്നെ കഷ്ടതകരംക്കു് വിധേയരായാലും നിങ്ങളിതു കൈവിടരുതു്. ഇന്നുമുതൽ അഞ്ചു വർഷം പൂർണ്ണമായി തികയുന്നതുവരെ ഈ മോതിരങ്ങരം നിങ്ങരംക്കു് ധരിക്കുവാൻ പാടുള്ളതുമല്ല. ഇതെന്റെ പ്രത്യേക ഉപദേശമാണു്. ഒരിക്കലും നിങ്ങളെന്റെ ഉപദേശങ്ങരം വിസ്മരിക്കരുതു്.

നവവധൂവരന്മാരെ!

മനുഷ്യൻ പരിസരത്തിന്റെ സൃഷ്ടിയായിട്ടാണു് കാണപ്പെടുന്നതു്. നോക്കുക! പണത്തിന്റേയും പ്രതാപത്തിന്റേയും ഇടയിൽ ജനിച്ചുവളരുന്നവർ അഹങ്കാരികളും ദുർമ്മോഹികളുമായിത്തീരുന്നു. ദാരിദ്ര്യത്തിന്റേയും സദാചാരത്തിന്റേയും മദ്ധ്യത്തിൽ ജനിച്ചുവളന്നവരാകട്ടെ സദ്‌വൃത്തരും സഹനശീലരുമായിത്തീരുന്നു ഇത്തരം അവസ്ഥാഭേദങ്ങളിൽ അകപ്പെടാതെ നിങ്ങരം ഈ കാലാവധി കഴിയുന്നതുവരെ നിങ്ങളുടെ ചാരിത്രത്തെ സംരക്ഷിക്കുക.''

ഈ ഉപദേശാനന്തരം ഗുരു മുറിയിൽനിന്നു പുറത്തുപോയി. നൂറുദ്ധീൻ പുത്രിയുടെ കണ്ണുകരം കെട്ടഴിച്ചപ്പോരം മുറിയിൽ മററാരുമുണ്ടായിരുന്നില്ല. വരനും കൂട്ടുകാരും പുറത്തു പോയിക്കഴിഞ്ഞിരുന്നു.

സുബൈദ പരിഭ്രമവും, ഭീതിയും, ആശ്ചര്യവും നിറഞ്ഞ ഹൃദയത്തോടെ അടുത്ത മണിക്കൂറുകരം തള്ളി

നീക്കി. അടുത്ത പ്രഭാതത്തിൽത്തന്നെ നൂറുദ്ധീനും കുഡുംബവും സ്വദേശത്തേക്ക് തിരിച്ചുപോന്നു അവർ സുഖമായി വീട്ടിലെത്തിയശേഷം അഞ്ചു വർഷങ്ങളിൽ നിന്ന് നാലു വർഷവും കഴിഞ്ഞുപോയി.

സൈനുദ്ധീൻെറ യാതൊരു വിവരവുമില്ല. അയാളുടെ വിവരങ്ങൾ സുബൈദ ഇനി എന്തിന്നറിയണം? എന്നിരുന്നാലും അവളുടെ ഹൃദയം അതിന്നായി ഉഴറുകയാണ്. അവളെ അജ്ഞാതനായ ഒരാൾ വിവാഹം ചെയ്തുകഴിഞ്ഞു. എങ്കിലും ഏഴു വർഷങ്ങൾക്കുമുമ്പ് അവളെ വിട്ടുപിരിഞ്ഞ അവളുടെ ബാല്യകാലസഖാവിനെക്കുറിച്ച്. അവൾ വ്യസനിച്ചുകൊണ്ടിരുന്നു. സൈനുദ്ധീൻ ഇനിയും എന്നെ വിസ്മരിച്ചിട്ടില്ലായിരിക്കാം. അഥവാ അദ്ദേഹം ജീവിച്ചിരിക്കുന്നില്ലെങ്കിൽ തന്നെ വരുമോ? അവൾ എന്തിനതെല്ലാം ചിന്തിക്കുന്നു? അവൾ മറെറാരാളുടെ ഭാര്യയായിക്കഴിഞ്ഞു. ഇനി സൈനുദ്ധീൻ വന്നുവെങ്കിൽതന്നെ അവൾക്കെന്താണു? അവൾക്കു കാൺവാൻപോലും നിവ്വാഹമില്ല സൈനുദ്ധീൻ ദീർഘായുസ്സോടും ആരോഗ്യസമ്പൽസമൃദ്ധിയോടുംകൂടി മടങ്ങിവരട്ടെ എന്നവൾ ആത്മാത്ഥമായി അഭിലഷിച്ചു. ഇങ്ങിനെ ചിന്തിച്ചു ചൂടുള്ള നെടുവീർപ്പുകളോടെ, നീറുന്ന നിമിഷങ്ങളോടെ സുബൈദ കഴിഞ്ഞുകൂടുകയാണു്.

നൂറുദ്ധീന് വാദ്ധക്യസഹജമായ രോഗം പിടിപ്പെട്ടു. രോഗം വദ്ധിച്ചുവന്നു; അദ്ദേഹം മൃതിയടഞ്ഞു. ഭത്താവിൻെറ വിയോഗവും മകളുടെ കഷ്ടതയും

KOTTAYAM PUBLIC LIBRARY KOTTAYAM
DISTRIBUTING LIBRARY 4519 KOTTAYAM

നൂരിയയെ വല്ലാതെ വേദനിപ്പിച്ചു. അവരും രോഗിണിയായി. അവർ പുത്രിയെ അരികിൽ വിളിച്ചു് പറഞ്ഞു "ഓമനെ! നിൻെറ പിതാവ് നമ്മെ വിട്ടുപിരിഞ്ഞു. ഞാനും അദ്ദേഹത്തെ അനുഗമിക്കുവാൻ പോകുകയാണു്. നീ ഒട്ടും വ്യസനിക്കരുതു്. ഏതു വിധമാണെങ്കിലും നിൻെറ വിവാഹം കഴിഞ്ഞിരിക്കുന്നു. നിശ്ചിത കാലാനന്തരം നിനക്കു് ഭർത്താവുമായി ചേർന്നു് സസുഖം ജീവിക്കുവാൻ ഇടവരട്ടെ! ഒരു പക്ഷെ നീ ഉദ്ദേശിച്ച ഭർത്താവായില്ലെന്നുവരാം. അങ്ങിനെ ആയാൽതന്നെ നീ അദ്ദേഹത്തെ അനുസരിക്കണം. ഏതെല്ലാം കഷ്ടതകളെ അഭിമുഖീകരിക്കേണ്ടതായിവന്നാലും സദാചാരത്തെ നീ സംരക്ഷിക്കേണ്ടിയിരിക്കുന്നു. നീ ഒരു ചെറിയ കുട്ടിയല്ല; അഭ്യസ്തവിദ്യയായ നിന്നെ അധികം ഉപദേശിക്കേണ്ടതില്ല. നിനക്കു ജീവിക്കുവാനുള്ള ധനം നിൻെറ പിതാവ് സമ്പാദിച്ചിട്ടുണ്ടു്. നിൻെറ ഭർത്താവ് ദരിദ്രനായിരുന്നാലും, അഥവാ ഭർത്താവിനെക്കണ്ടുമുട്ടാതിരുന്നാൽ തന്നെയും നീ കഷ്ടപ്പെടേണ്ടിവരികയില്ല. അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ!" ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ നൂരിയ സംസാരിക്കാൻ അശക്തയായിത്തീർന്നു. അവർ അവ്യക്തമായി വെള്ളമെന്നു് പറഞ്ഞു. സുബൈദ ഉടനെ സംസം വെള്ളം കൊടുക്കുകയും കലിമ ചൊല്ലിക്കൊണ്ടു് നൂരിയ കണ്ണടക്കുകയും ചെയ്തു. സുബൈദ മാതാവിൻെറ ശേഷക്രിയകൾ മുറപ്രകാരം നടത്തി. 8A674

സൈനുദ്ദീനുമായുള്ള വേർപാടു്, അതിനെത്തുടർന്നുള്ള അന്യോന്യം കാണാത്ത വിവാഹം, എന്നിവ

സുബൈദയെ കണക്കിലേറെ വേദനിപ്പിച്ചു കത്തുന്ന തീയിൽ നെയ് ഒഴിച്ചതുപോലെ മാതാപിതാക്കളുടെ വിയോഗം അവളുടെ ദുഃഖത്തെ ശതഗുണീഭവിപ്പിച്ചു. നൂരിയ പറഞ്ഞതു് മുഴുവനും ശരിയായിരുന്നില്ല. അവരുടെ മരണാനന്തരമാണു് നൂറുദ്ധീൻെറ ശരിയായ ധനസ്ഥിതി മനസ്സിലായതു്. അദ്ദേഹത്തിനു് വളരെയേറെ കടമുണ്ടായിരുന്നു. വലിയ കച്ചവടക്കാർക്കു് വളരെയേറെ കടമുണ്ടാവലും, കച്ചവടം നടന്നുകൊണ്ടിരിക്കുമ്പോഴെല്ലാം അതറിയാതെ കഴിക്കലും സാധാരണമാണല്ലോ. സ്വത്തെല്ലാം കടക്കാർ കൈവശപ്പെടുത്തി. സുബൈദക്കു് അവളുടെ വീട്ടുസാമാനങ്ങളും ആഭരണങ്ങളും മാത്രമാണു് ലഭിച്ചതു്. വ്യവസായികളും പട്ടണവാസികളുമായവർക്കു് മിക്കപ്പോഴും ഇങ്ങിനെ വന്നുചേരാറുണ്ടു്. പുറംപകിട്ടുകളാലും ആഡംബരങ്ങളാലും അവർ ഞെളിഞ്ഞു കഴിഞ്ഞുകൂടും. ഉള്ളു് പൊള്ളയുമായിരിക്കും. അവസാനം സന്താനങ്ങൾക്കു ജീവിക്കുവാൻ കഴിവുണ്ടായിരിക്കുകയില്ല; തൊഴിൽ പരിശീലിച്ചിരിക്കയുമില്ല. നൂറുദ്ധീൻെറ കച്ചവടം കുറെ നാളായി ക്ഷീണിച്ചുവരികയായിരുന്നു. ചിലവുകൾ കുറക്കാതിരുന്നതിനാൽ കടങ്ങൾ വർദ്ധിച്ചുവന്നു. കാലം നന്നാകുമ്പോൾ എല്ലാം ശരിയാകുമെന്നു് അയാൾ ആശിച്ചു. അങ്ങിനെയല്ല കാര്യം കലാശിച്ചതു്. ആധിയും വ്യാധിയും അദ്ദേഹത്തെ പിടികൂടി അന്ത്യം അയാളുടെ അഭാവത്തിൽ സ്വത്തുക്കൾ കടക്കാർ കൈവശമാക്കുകയും ചെയ്തു.

ധനങ്ങൾ നശിച്ചതിൽ സുബൈദ വ്യസനിച്ചില്ല. ഗൃഹത്തിലിരുന്ന് എന്തെങ്കിലും ജോലിചെയ്ത് ജീവിക്കാമെന്നവൾ ആശ്വസിച്ചു പക്ഷെ കടക്കാർ പിന്നെയും അവളെ വിട്ടില്ല. അവസാനം വീട് വില്ക്കുവാനും, വീട്ടുസാമാനങ്ങളും ആഭരണങ്ങളും പണയപ്പെടുത്തുവാനും അവൾ നിർബ്ബന്ധിതയായി. സുബൈദ ഒരു ചെറുകുടിലിലേക്ക് അവളുടെ താമസം മാററി. പിതാവിൻെറ സൽക്കീർത്തി നിലനിറുത്തുവാനാണ് അവൾ ഇത്രയും കഷ്ടപ്പെട്ടത്. അവൾ ഗുരുവിനെക്കുറിച്ചു ചിന്തിച്ചുനോക്കി. അദ്ദേഹം ഹജ്ജിന്നു പോയിരുന്നതിനാൽ അവിടെനിന്നും ഒന്നും പ്രതീക്ഷിച്ചുകൂടാ. അവൾ ആ അരക്ഷിതാവസ്ഥയിൽ ശോകഗാനം പാടി നിർവൃതിയടഞ്ഞു.

സർവ്വരാലും ഉപേക്ഷിക്കപ്പെട്ട അവൾ ആരുടേയും സഹായത്തിന്നപേക്ഷിക്കാതെ, ആരുടേയും ദയാദാക്ഷിണ്യത്തിന്ന് മുമ്പിൽ തല കുനിക്കാതെ സ്വപ്രയത്നത്താൽ ആ കുടിലിൽ ജീവിച്ചുവന്നു.

യൌവ്വനയുക്തയായ — സൌന്ദര്യദീപമായ — ഒരു സ്ത്രീ തനിച്ചൊരിടത്ത് താമസിക്കുക! പുഷ്പത്തിന്നു ചുററും പൂമ്പാററകളെന്നപോലെ കാമകിങ്കരന്മാരായ യുവാക്കൾ ആ കുടിലിനെ വലംവെക്കും! പതുങ്ങിയ സംസാരങ്ങളും, ജീവനുള്ള കണ്ണുകളും അവിടെ അടിഞ്ഞുകൂടും! ഭഗ്നാശരായിത്തീരുന്ന ഒരു വിഭാഗം അപവാദത്തിൻെറ ആവനാഴി അവളുടെ മേൽ ചൊരിയും! സുബൈദ അതും ചിന്തിച്ചു! അവൾ അതിന്നു പ്രതിവി

ധി കണ്ടുപിടിച്ചു. അടുത്ത കുടിലിലെ വിധവയായ ആമിന! അവൾ വിധവയാണ്. അവൾ നല്ലവളുമാണ്! അവൾക്ക് മൂന്നു കുട്ടികളുമുണ്ട്. ആമിന വിശ്വസ്തയും സൽസ്വഭാവിനിയുമായിരുന്നു സുബൈദ ആമിനയുമായി അടുക്കുകയും രാത്രി കാലങ്ങളിൽ അവളെ കൂട്ടിനു് വിളിക്കുകയും പതിവായിത്തീർന്നു.

സഹനത്തിൻേറയും അദ്ധ്വാനത്തിൻേറയും ഫലമായി സുബൈദ പരസഹായം കൂടാതെ ദുർവികാരങ്ങൾക്കതീതയായി കാലം കഴിച്ചുവന്നു. അവൾ വീട്ടിലിരുന്നു ചെറുവക തൊഴിലുകൾ ചെയ്യുകയും ആമിന അവളെ സഹായിക്കുകയും ചെയ്യുകയാൽ അവൾ അധികവും പട്ടിണിയായിരിക്കേണ്ടതായിവന്നില്ല. ആ ജീവിതമാകുന്ന നൌക ദിവസങ്ങളാകുന്ന തിരമാലകളെ അതിജീവിച്ചു മുന്നോട്ടു നീങ്ങി.

ഒരു ദിവസം ഏതോ ആവശ്യത്തിനു് വേണ്ടി പുറത്തുപോയിരുന്ന ആമിന തിരിച്ചുവന്നു് സുബൈദയോട് പറയുകയാണ്. "സുബൈദ നീ കേട്ടില്ലെ? എട്ടു വർഷങ്ങൾക്കുമുമ്പു് രാജ്യംവിട്ടു പോയിരുന്ന സൈനുദ്ധീൻ കണക്കില്ലാത്തവിധം ധനങ്ങളോടുകൂടി തിരിച്ചുവന്നിരിക്കുന്നുവത്രെ." ഇതു ശ്രവിച്ചപ്പോൾ സുബൈദക്കുണ്ടായ വികാരവിചാരങ്ങൾ അവർണ്ണനീയമായിരുന്നു. സൈനുദ്ധീൻ തന്നെ വിസ്മരിക്കുകയില്ലെന്നും, അയാൾ തിരിച്ചുവരികയില്ലെന്നും അവൾ വിശ്വസിച്ചിരുന്നു. അയാൾ വന്നിരിക്കുന്നു എന്നറിഞ്ഞപ്പോൾ അവൾക്കുറപ്പായി, അയാൾ പൂർണ്ണമായും തന്നെ മറന്നു

വെന്നു". പക്ഷെ സൈനുദ്ധീൻ തന്നെ മറന്നോ ഇല്ല യൊ എന്നൊക്കെ എന്തിനവൾ ചിന്തിക്കുന്നു. അവൾ മറെറാരുവൻെറ ഭാര്യയായിക്കഴിഞ്ഞില്ലെ? എങ്കിലും എല്ലാവരാലും വിസ്മരിക്കപ്പെട്ട അവളെ, അവളുടെ ബാല്യകാലസഖാവെങ്കിലും ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നു് അവൾ ചാരിതാത്ഥ്യം പൂണ്ടിരുന്നു. ഇതോടെ അതും അവസാനിച്ചു. അവളുടെ ചിന്തയുടെ ചുരുൾ നിവൎന്നു. അയാൾ എന്നെ വിസ്മരിച്ചിരിക്കയില്ല. അയാളുടെ പിതാവ് മരിച്ചതിനാലും, വളരെ നാളുകളായി സ്വദേശം കാണായ്കയാലും തിരിച്ചുവന്നതായിരിക്കാം! ഛെ! ഞാനെന്തിനിതെല്ലാം ചിന്തിക്കുന്നു? ഇതു നീചവും നികൃഷ്ടവുമല്ലെ? ഞാൻ മറെറാരാളുടെ പത്നിയായിത്തീൎന്നില്ലൊ? ഇതു പാപകരമാണ്! ഈദൃശചിന്തകളിൽ അവൾ വ്യാപൃതയായിരിക്കെ ആമിന ചോദിച്ചു. "നീ സൈനുദ്ധീനെ അറിയില്ലെ? സാലിഹിൻെറ പുത്രൻ."

ചിന്തയിൽനിന്നുണൎന്ന സുബൈദ ആലോചിച്ചിട്ടെന്നോണം പറഞ്ഞു: "ആ...........കുറേശ്ശെ ഓൎക്കുന്നുണ്ടു"........"

ആമിന:—"അയാളിപ്പോൾ തിരിച്ചു വന്നിരിക്കുന്നു. വലിയ പണക്കാരനായത്രെ! വലിയ കപ്പലുകൾ നിറയെ സ്വത്തുക്കൾ കൊണ്ടുവന്നിട്ടുണ്ടെന്നും പറഞ്ഞുകേട്ടു. അത്ര വലിയ ധനവാന്മാർ ഈ നാട്ടിലുണ്ടാകുകയില്ലത്രെ!"

സുബൈദക്കു കണ്ണിതമാണുണ്ടായതു്. ആദ്യനിശ്ചയമനുസരിച്ചു് അവർ വിവാഹിതരായിരുന്നുവെ

ങ്കിൽ ഈ വമ്പിച്ച സ്വത്തുക്കൾക്കെല്ലാം അവൾ അവ കാശിനിയാകുമായിരുന്നു. അവളുടെ അപ്പോഴത്തെ ദാരിദ്ര്യാവസ്ഥയിൽ അവൾ വ്യസനിച്ചു. സുബൈദ ആ വിഷയം അവസാനിപ്പിച്ചു മററു കാര്യങ്ങളിൽ പ്രവേശിച്ചു. അന്നു രാത്രി കിടക്കാറായപ്പോൾ സുബൈദ ചോദിച്ചു. "ആമിന! സൈനുദ്ധീൻ വിവാഹംചെയ്തുവോ? പത്നിയുംകൂടിയുണ്ടോ?"

ആമിന:-"ഇല്ല; അയാൾ വിവാഹിതനല്ലെന്നാണ് ആ ഹലീമ പറഞ്ഞറിഞ്ഞതു്?"

ഈ മറുപടി സുബൈദയെ അല്പം ആശ്വസിപ്പിച്ചു. അവൾക്കു മററു പലതും അറിയേണ്ടതുണ്ടായിരുന്നുവെങ്കിലും അവൾ ആരാഞ്ഞില്ല. ഒരു വിധം അവൾ ഒന്നു മയങ്ങി: ആശാവഹവും, ആശങ്കാവഹവുമായ സ്വപ്നങ്ങൾ അവളുടെ സുഖനിദ്രയെ ഭംഗപ്പെടുത്തി. പ്രഭാതംവരെ അവൾ തിരിഞ്ഞും മറിഞ്ഞും കിടന്നു് കഴിച്ചുകൂട്ടി. അങ്ങിനെ ചില ദിവസങ്ങൾ മുന്നോട്ടു നീങ്ങി. ഒരു ദിവസം ആമിന പുറത്തുപോയി വന്നപ്പോൾ അവളുടെ മുഖത്തു് അവ്യക്തവും പരിഹാസ്യവുമായ ഒരു പുഞ്ചിരി പരക്കുന്നതു് സുബൈദ കണ്ടു. ആമിന പറഞ്ഞു:

"സുബൈദ! നിന്നെക്കുറിച്ചു് എനിക്കിപ്പോൾ കുറേശ്ശെ മനസ്സിലായിത്തുടങ്ങി. നിൻെറ സദാചാരനിലവാരത്തെപ്പററി ഞാനിപ്പോൾ എന്തുവിചാരിക്കുന്നുവെന്നാണ് നീ കരുതുന്നതു്?"

സുബൈദ.—"പറയാതിരുന്നതെന്താണ്, പറയത്തക്ക എന്താണ് സംഭവിച്ചിട്ടുള്ളതു്?"

ആമിന:— "വിശേഷിച്ചൊന്നുമല്ല; ഒരനുരാഗച്ചെടി നിൻെറ ഹൃദയത്തട്ടിലും മുളച്ചിരുന്നു. എല്ലാവക്കുമെന്നപോലെ നിനക്കും ഒരു പ്രേമകഥയുണ്ട്. നീയും സൈനുദ്ധീനും അന്യോന്യം പ്രേമിച്ചിരുന്നില്ലെ? അതാരും അറിയുകയില്ലെന്നാണൊ നീ ധരിച്ചതു്?"

ഇത്രയുമായപ്പോഴേക്കും സുബൈദയുടെ വദനമണ്ഡലം ലജ്ജാഭാരത്താൽ വിവൎണ്ണമായി. ചെറിയൊരു കോപത്താൽ അവൾ വിറച്ചുപോയി. ആ കോപം അവളുടെ സൌന്ദൎയ്യത്തെ വൎദ്ധിപ്പിച്ചു. അവൾ നിവൎത്തിനിവൎത്തിപ്പറഞ്ഞു.

"അദ്ദേഹം ചെറുപ്പക്കാലത്തു് ഞങ്ങളുടെ അയൽവാസിയായിരുന്നു. ഒന്നിച്ചു് പഠിച്ചിട്ടുമുണ്ട്. എന്നല്ലാതൊന്നുമില്ല."

ആമിന—"ഓ! പാവം! ഒന്നുമറിഞ്ഞുകൂട. അനുരാഗമെന്നോ, പ്രേമമെന്നോ ഒന്നിനെപ്പററി കേട്ടിട്ടപോലുമില്ല? അല്ലേ? എൻെറ തലയിൽ നിലാവെളിച്ചമൊന്നുമല്ല. തലച്ചോറു് തന്നെയാണ്."

സുബൈദ:—"ഈ കുസൃതിത്തരം മതിയാക്കു! കാൎയ്യമെന്തെങ്കിലുമുണ്ടെങ്കിൽ പറയൂ.

ആമിന:—"ഓ! ശരി! കാൎയ്യം പറയാം., ഇങ്ങടുത്തു നിൽക്കു! ഇതൊന്നു നോക്കു!"

എന്നു പറഞ്ഞു് ആമിന കൈവശമുണ്ടായിരുന്ന ഒരു ചെറിയ പെട്ടി തുറന്നു അതിൽനിന്ന മനോഹര

മായ ഒരു രത്നമാല എടുത്തുകാണിച്ചു. സുബൈദ അതു കണ്ടപ്പോൾ ആശ്ചര്യഭരിതയായിപ്പോയി. അതിൻെറ കാന്തിയിൽ അവളുടെ കണ്ണുകൾ പതറി. സുബൈദ പിതാവിൽനിന്നു കല്ലുകളുടെ ഗുണഗണങ്ങളും ഏറെക്കുറെ ഗ്രഹിച്ചിരുന്നതിനാൽ ആ രത്നമാലയുടെ വിശേഷത അവൾക്കു വേഗം മനസ്സിലായി. അവൾ ഉൽക്കണ്ഠാകുലയായി അന്വേഷിച്ചു.

"ഇതു വളരെ വിലപിടിച്ചതാണല്ലൊ. ഒരു രാജാവിൻേറതാവാനേ തരമുള്ളു. നിനക്കിതെങ്ങിനെ കിട്ടി."

ആമിന:-"രാജാവിൻെറ പാരിതോഷികമൊന്നുമല്ലിതു്. സൈനുദ്ധീൻ നിനക്കായി തന്നെയച്ചതാണ്. നീ ഇവിടെ താമസിക്കുന്നവെന്നു് അയാൾ മനസ്സിലാക്കിയിരിക്കുന്നു."

സുബൈദ ഇതു കേട്ടപ്പോൾ പകച്ചു നിന്നുപോയി. സൈനുദ്ധീൻ തന്നെ ഇനിയും സഹായിക്കാനൊരുങ്ങുന്നു? ഇതു സ്വീകരിച്ചാൽ തൻെറ താല്ക്കാലിക ദാരിദ്ര്യങ്ങൾ അസ്തമിക്കും. അതല്ല? ഒരു പക്ഷെ ഇതു എനിക്കു സ്വീകരിക്കാമൊ? ഒരാളുടെ പത്നിയല്ലെ ഞാൻ! എനിക്കു ചില നിയമങ്ങൾ അനുഷ്ഠിക്കേണ്ടതില്ലെ? ഇല്ല! ഇതൊരിക്കലും വാങ്ങിക്കൂട. ദാരിദ്ര്യം എൻെറ ഹൃദയദാർഢ്യത്തെ കവരരുതു്. ഇങ്ങിനെ ചിന്തിച്ചശേഷം അവൾ പറഞ്ഞു:

"പ്രിയസഖി! ഇതൊരിക്കലും സൈനുദ്ധീൻ തന്നയച്ചതാവാൻ നിർവ്വാഹമില്ല; അദ്ദേഹത്തിന്നു് അ

തിൻെറ ആവശ്യമില്ല. അതിനാൽ ഞാൻ ഇതു വാങ്ങുന്നില്ലെന്നുപറഞ്ഞു് നീ തന്നവക്കു തന്നെ തിരിച്ചുകൊടുത്തേക്കു്."

ആമിന: "ഞല്ലാം! നിനക്കെന്തുപററി! ബുദ്ധി മന്ദിച്ചുപോയോ? അതാ ഞാൻ തമാശ പറയുന്നുവെന്നു് ധരിച്ചുവശായൊ? വളരെയേറെ വിഷമിക്കുന്ന നിനക്കു് ഇങ്ങിനെയൊരു മഹാഭാഗ്യം കൈവന്നിട്ടു് വിട്ടുകളയുകയോ?"

സുബൈദ: "അതൊന്നുമല്ല. ഞാൻ തികച്ചും ബോധത്തോടുകൂടിയാണു് സംസാരിക്കുന്നതു്. എനിക്കതാവശ്യമില്ല (വിഷയം മാററുവാനായി) അതല്ലാ! നീവെളിക്കു നടക്കുമ്പോൾ ഒരുതരം ഹൃദയശൂന്യരായ ചെറുപ്പക്കാരുടെ തുറിച്ചുനോട്ടങ്ങൾ നിൻെറനേരെ ഉണ്ടാകാറില്ലേ?"

ആമിന: "ആം........! അതൊരു വിശേഷം തന്നെയല്ലേ? എനിക്കു തോന്നുന്നതു് ഈ ചെറുപ്പക്കാരെയെല്ലാം "കാക്ക" എന്നു വിളിക്കുവാനാണു്. ഒരു പാത്രത്തിലോ, കൊട്ടയിലോ, മററുപ്രകാരത്തിലോ വല്ല സാധനവുമായി നാം പോകുമ്പോൾ കാക്കകളെ സൂക്ഷിക്കേണ്ടേ? അവർ അടുത്ത വൃക്ഷക്കൊമ്പിലിരുന്നു് ചരിച്ചുനോക്കും ആ നോട്ടം ഒരു പ്രത്യേകതയുള്ളതാണു്. വളരെ സൂക്ഷ്മകാര്യങ്ങൾ ആ നോട്ടംവഴി അവ കാണും. അപ്രകാരംതന്നെ ഒരു കല്ലെടുക്കുവാനൊന്നു കുനിഞ്ഞു നോക്കു! കാക്കയതു കണ്ടറിയും. അപ്രകാരമാണു് ഈ ചെറുപ്പക്കാരെല്ലാം. അവർ കാണുന്ന സ്ത്രീകളെ ശ്രദ്ധ

മായി നോക്കും. അവളുടെ കണ്ണുകൾ, വദനം, മുടി, വസ്ത്രാഭരണങ്ങൾ, നടത്തം, സ്തനഭാഗങ്ങൾ,.....അങ്ങിനെ വിശദമായി അവർ നോക്കിക്കാണും. അതിൽനിന്നവർ ലക്ഷണങ്ങളറിയുമത്രേ? വല്ല പാകപ്പിഴയും തോന്നിയാൽ പിന്നെ കാക്കയെപ്പോലെ പിന്നാലെ കൂടുകയുമായി. അവരങ്ങിനെ പിന്തുടരും. മത്സ്യക്കൊട്ട കയററിയ ബസ്സിനുപിമ്പെ കാക്കകൾ പാറുന്നതു കണ്ടിട്ടുണ്ടോ? അതുപോലെ ഞാൻ പുറത്തിറങ്ങുമ്പോൾ എനിക്കു ആകെ ഭയമുള്ളതു് ഈ കാക്കകളെയാണു്."

സുബൈദ: "നിങ്ങളുടെ ഭാഷയിൽ കാക്കയുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നുവല്ലോ." രണ്ടുപേരും ചിരിച്ചുപോയി.

ആഭരണം സ്വീകരിപ്പാനായി ആമിന പിന്നേയും നിർബ്ബന്ധിച്ചെങ്കിലും സുബൈദ സ്വീകരിച്ചില്ല. ആമിന ആ മാലയുമായി തിരിച്ചുപോയി. സുബൈദ പിന്നീടു് ആ മാലയെ സംബന്ധിച്ചോ മററൊ യാതൊന്നും അന്വഷിച്ചതുമില്ല.

ദിവസങ്ങൾ പിന്നേയും ഇഴഞ്ഞുനീങ്ങി. സുബൈദ അവ്യക്തങ്ങളായ ചിന്തകൾക്കധീനയായിരുന്നുവെന്നല്ലാതെ വേറെ വിശേഷങ്ങളൊന്നുമുണ്ടായില്ല. ഒരുദിവസം സൈനുദ്ധീൻെറ ഒരുദാസി സുബൈദയെ സമീപിച്ചു ഇപ്രകാരം ഉണൎത്തിച്ചു.

"ആരുമേവരുമില്ലാതെ ഏകാകിനിയായി ഈ ചെറുകുടിലിൽ കഷ്ടപ്പെട്ടു ജീവിക്കുന്ന നിങ്ങളെപ്പററി എൻെറ എജമാനൻ വളരെ വ്യസനിക്കുന്നു. നിങ്ങൾ

അദ്ദേഹത്തിൻെറ ബാല്യകാലസഖിയും, നിങ്ങൾ ഒന്നിച്ചു ജീവിച്ചിരുന്നവരുമല്ലെ? നിങ്ങളെ അദ്ദേഹത്തിൻെറ വീട്ടിലേക്കു ക്ഷണിക്കൽ ശരിയല്ല അതിനാൽ നിങ്ങളുടെ സ്വന്ത ഭവനം കടക്കാരിൽനിന്നു വാങ്ങി നിങ്ങൾക്കു തരുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു. അതു് സ്വീകരിക്കുവാൻ അദ്ദേഹം ആവശ്യപ്പെടുകയല്ല അപേക്ഷിക്കുകയാണു്."

സുബൈദക്കു ദാരിദ്ര്യം ഇന്നു വിഷമമില്ല അതിലവൾ അതിജീവിച്ചുകഴിഞ്ഞു. പക്ഷെ അവൾ ജനിച്ചുവളന്ന—അവളുടെ മാതാപിതാക്കൾ അന്ത്യനിമിഷങ്ങൾ കഴിച്ചുകൂട്ടിയ —അവർക്കേററവും പ്രിയപ്പെട്ട--ഭവനം അവൾക്കു പ്രിയകരമായിരുന്നു. അതു തിരികെ കിട്ടുകഎന്നതു് അവൾക്കു് സന്തോഷകരവുമായിരുന്നു. അവളുടെ നയനങ്ങളിൽ പലപ്പോഴും ബാഷ്പം നിറക്കുന്ന ഒന്നായിരുന്നു ആ ഗൃഹം. ആ വീട്ടിൽക്കിടന്നുമരിക്കാൻ കഴിയേണമെന്നവൾ പ്രാത്ഥിക്കാറുമുണ്ടായിരുന്നു.

ഈ അപേക്ഷ അവൾക്കു സന്തോഷവും, സന്താപവും ഒരേ അവസരത്തിൽ ഉണ്ടാക്കിത്തീത്തു. ജലം നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ടവൾ പറഞ്ഞു "സഹോദരി! നിൻെറഎജമാനൻെറ ഔദാര്യത്തിന്നു് ഞാൻ ഹൃദയംഗമമായി നന്ദിപറയുന്നു. എങ്കിലും ആ ഔദാര്യം സ്വീകരിക്കുവാൻ ഈ എളിയവൾ അർഹയല്ല. ഒരജ്ഞാതവരൻെറ വധുവായിരിക്കുന്ന ഞാൻ ഇതെങ്ങിനെ സ്വീകരിക്കും. ഞാൻ ജനിച്ചുവളന്ന ആ ഗൃഹ

ത്തെപ്പററി എനിക്ക് മതിപ്പില്ലെന്നോ അഥവാ അതു് വീണ്ടും കരഗതമാകുവാൻ ഞാനാശിക്കുന്നില്ലെന്നോ ഇതിന്നർത്ഥമില്ല. ഞാൻ ഈ വിഷയത്തിൽ ഒരുവഴിയും കാണാതെ തിരിയുകയാണു്. ഈ സംഗതി നിൻെറ എജമാനനെ അറിയിച്ചേക്കു" എന്നു പറഞ്ഞു ദാസിയെ മടക്കി അയച്ചു.

കുറെ കഴിഞ്ഞപ്പോൾ ആ ദാസി വീണ്ടുംവന്നു ഇപ്രകാരം അറിയിച്ചു "നിങ്ങൾക്കു മംഗളമുണ്ടാകട്ടെ! എൻെറ എജമാനന്നു് ഈ വിഷയത്തിൽ യാതൊരു ദുരുദ്ദേശവുമില്ല. നിങ്ങളുടെ ഭർത്താവ് ആരു് തന്നെ ആയിരുന്നാലും സ്വാഭിമാനവും ചാരിത്ര്യവും ബലികഴിക്കാതെ ജീവിക്കുന്നതിനെ എതുക്കുകയില്ല. അഥവാ നിങ്ങളുടെ ഭർത്താവിന്നു് വല്ലവിധേനയും സംശയത്തിന്നിടവന്നാൽതന്നെ എൻെറ എജമാനൻ അക്കാൎയ്യത്തിൽ സാക്ഷ്യം വഹിക്കാമെന്നുകൂടി എന്നോടു് പറഞ്ഞിരിക്കുന്നു. അതിനാൽ ഈ സംഭാവന സ്വീകരിക്കുക" ഇതുകേട്ടപ്പോൾ സുബൈദ സന്തോഷപൂൎവ്വം പറഞ്ഞു "നിൻെറ എജമാനന്നു് സൌഭാഗ്യവും ദീർഘായുസ്സും ഉണ്ടാകട്ടെ! അദ്ദേഹത്തിൻെറ ദാനം ഞാൻ സ്വീകരിച്ചിരിക്കുന്നു." ഇതു കേട്ടു് ദാസി സന്തോഷത്തോടെ മടങ്ങിപ്പോയി. ഈ സംഭാഷണങ്ങളെല്ലാം ആമിനയും ശ്രദ്ധിച്ചു കേട്ടിരുന്നു. സുബൈദ ആമിനയോടു് പറഞ്ഞു "എനിക്കു് ആ വലിയവീട്ടിൽ ഏകാകിനിയായ് താമസിക്കുക അസാദ്ധ്യമാണു് അതിനാൽ എൻെറ പ്രിയസഖി! നിങ്ങൾ എനിക്കു ചെയ്തു

സേവനങ്ങൾക്ക് ഞാൻ നന്ദിയുള്ളവളാണ്. എനിയും നിങ്ങളുടെ സഹായങ്ങൾ എനിക്കാവശ്യമാണ്. അതി നാൽ നിങ്ങൾ എന്നോടുകൂടി അവിടെ താമസിക്കേണ മെന്ന് ഞാൻ അപേക്ഷിക്കുന്നു." ആമിന അതു സ്വീ കരിക്കുകയും അടുത്തദിവസംതന്നെ സുബൈദ അവളു ടെഗൃഹത്തിലേക്കു മാറിതാമസിക്കുകയും ചെയ്തു. സു ബൈദ ആമിനയോട്ട് സൈനുദ്ധീനെ സമീപിക്കരു തെന്നും അയാളുടെ യാതൊരു സഹായത്തിന്നും ആശി ക്കരുതെന്നും പ്രത്യേകം പറഞ്ഞിരുന്നു.

വീട്ട് മാറിത്താമസിച്ചതിന്നുശേഷം ആമിന ധാ രാളംപണം ചിലവഴിക്കുന്നുണ്ടെന്ന് സുബൈദക്ക് മന സ്സിലായി. ഇതെവിടുന്ന് ലഭിക്കുന്നുവെന്നവൾക്കു മന സ്സിലായതുമില്ല. ഒരിക്കൽ ആമിന സുബൈദയോട്ട് പറഞ്ഞു. "പ്രിയപ്പെട്ട സുബൈദ! നീ ഇനി കൂലിവേ ല ചെയ്യേണ്ടതില്ല എനിക്കു രാജധാനിയിൽ ജോലി ലഭിച്ചിട്ടുണ്ട്, ഇനി കൂലിപ്പണിക്ക് പോകേണ്ട, നല്ല വരുമാനവുമുണ്ടല്ലൊ? വീട്ടുകാര്യങ്ങളെല്ലാം ഞാൻ നിവ്വ ഹിച്ചുകൊള്ളാം. എന്നാലും നീ എന്നും എൻെറ എജ മാനത്തിതന്നെ ആയിരിക്കണം." സുബൈദ ഇതെല്ലാം ശ്രദ്ധിച്ചു കേട്ടുവെങ്കിലും മറുപടിയൊന്നും പറഞ്ഞില്ല. അതിൽഅന്തർലീനമായിക്കിടക്കുന്നതെന്താണെന്ന് അ വൾക്ക് മനസ്സിലായില്ല. ആമിനയുടെ ധാരാളിത്വം സുബൈദയിൽ പല സംശയങ്ങളുമുണ്ടാക്കിയെങ്കിലും പറയത്തക്ക തെളിവുകളൊന്നും ലഭിക്കായ്കയാൽ സു ബൈദ യാതൊന്നും പറഞ്ഞില്ല.

സുബൈദ വിവാഹിതയായിട്ട് അഞ്ച് വർഷം തികയുന്ന ദിവസവും ആഗതമായി. ഇനി എന്തെല്ലാം സംഭവവികാസങ്ങളാണുണ്ടാവുക എന്നു ചിന്തിച്ചുകൊണ്ടിരിക്കുകയാണവൾ. നേരം അസ്തമിക്കാൻ പോകുകയാണു. സൂര്യന്റെ ശക്തികുറഞ്ഞ കിരണങ്ങൾ അവളെ അനുഗ്രഹിക്കുന്നപോലെ അവൾക്ക് തോന്നി. പക്ഷികളെല്ലാം അവയുടെ കൂടുകളിലേക്ക് ധൃതഗമനം ചെയ്തു. കുങ്കുമച്ചാന്തണിഞ്ഞ സൂര്യൻ കടലിൽ മുങ്ങിക്കളഞ്ഞു. അന്ധകാരവും നിശ്ശബ്ദതയും വ്യാപിച്ചുതുടങ്ങി. അയൽഗൃഹങ്ങളിലെ ദീപങ്ങൾ പ്രകാശിച്ചു. ആമിന ഇതുവരെയും എത്തിക്കഴിഞ്ഞിട്ടില്ല. ചിന്താമഗ്നയായ സുബൈദയിൽനിന്നു അവളുടെ വികാരവിചാരങ്ങൾ വാക്കുകളായി പുറത്തുവന്നു. "ഗുരു അവർകളുടെ കല്പനപ്രകാരം ഇന്നു രാത്രി എനിക്ക് എന്റെ വിവാഹമോതിരം ധരിക്കാം. അതു ഞാൻ ധരിക്കേണമോ? അതുകൊണ്ടെന്തു പ്രയോജനം? ഒരു പക്ഷെ എന്റെ ഭർത്താവിനെ അതുകൊണ്ടു കണ്ടുപിടിക്കാൻ സാധിക്കാമായിരിക്കാം. എനിക്കദ്ദേഹത്തെ കണ്ടിട്ടെന്തു കാര്യം? എന്റെ ഹൃദയത്തിൽ മിന്നിപ്രകാശിച്ചുകൊണ്ടിരിക്കുന്ന ദീപം മറെറാന്നാണല്ലൊ? വികാരഭരിതമായ മനസ്സേ! നിന്റെ ദുരാശ നിഷ്ഫലമാണ്. നീ അദ്ദേഹത്തെ വിസ്മരിച്ചേക്കൂ! അല്ലെങ്കിൽ ഞാൻ മഹാ പാതകിയായിത്തീരും." ഇത്രയും പറഞ്ഞുകഴിഞ്ഞ് നോക്കീയതു് ഓടിവരുന്ന ആമിനയെയാണു്. അവൾ പരിഭ്രമിച്ചിരുന്നു. ഭയന്നിട്ടെന്നവണ്ണം ആമി

ന പറഞ്ഞു "ഇതു നല്ലതമാശതന്നെ: എനിക്കിതിൻെറ യൊന്നും അർത്ഥം മനസ്സിലാവുന്നില്ല ഇനി എന്തെല്ലാമാണു് സംഭവിക്കുക എന്നാരുകണ്ടു?"

സുബൈദ—: (ബദ്ധപ്പാടോടെ) "എന്താ സംഗതി? പറഞ്ഞൂടെ?"

ആമിന—:"നിന്നെ കൊട്ടാരത്തിലേക്കു് കൂട്ടിക്കൊണ്ടുപോകുവാൻ അനവധി ഭടന്മാർ പല്ലക്കോടുകൂടിവരുന്നുണ്ടു്?"

സുബൈദ:—"ആമിന! നീ വല്ലാത്തൊരു ശുദ്ധഗതിക്കാരിയാണു്. നിനക്കു ബുദ്ധിയില്ലെ? എന്താവശ്യത്തിന്നാണു് എന്നെ രാജധാനിയിലേക്കു് കൂട്ടിക്കൊണ്ടുപോകുന്നതു്? ഈ പിച്ചക്കാരിയെ പല്ലക്കിൽ കൊണ്ടുപോകുകയോ?

ഇവരിങ്ങനെ സംസാരിച്ചു നില്ക്കുന്നതിനിടയിൽ അവിടത്തെ രാജാവിൻെറ ദാസിമാരിൽ ഒരുവൾവന്നു സുബൈദയോടിങ്ങിനെ ബോധിപ്പിച്ചു "സുൽത്താൻ മുഹമ്മതു് മഹാരാജാവു് അയച്ചിട്ടുള്ളതാണു് ഞങ്ങളെ ഭവതിയെ രാജസന്നിധിയിൽ ആനയിപ്പിക്കേണമെന്നു തിരുമേനി ആജ്ഞാപിച്ചിരിക്കുന്നു. പല്ലക്കും ആളുകളും ഇതാ ആഗതരായിട്ടുണ്ടു്. വേഗം പുറപ്പെടണം."

സുബൈദ ഇതുകേട്ടു് പരിഭ്രമിച്ചു അല്പസമയം സ്തംഭിച്ചു നിന്നുപോയി. രാജകല്പനയെ ലംഘിച്ചുകൂടെന്നവൾക്കറിയാമായിരുന്നു. അവൾ പോകുവാൻ തന്നെ നിശ്ചയിച്ചു. സുൽത്താൻ മുഹമ്മതു് സത്യസന്ധനും, നീതിമാനും, സദാചാരനിരതനുമാണെന്നവൾ ധ

രിച്ചിരുന്നു. അതിനാൽ സമാധാനത്തോടുകൂടിത്തന്നെ അവറം പുറപ്പെട്ടു. സുബൈദ ആമിനയോട്ട് പറഞ്ഞു "ആമിന! ഞാൻ രാജസന്നിധിയിൽ പോയി എൻെറ രാജഭക്തിയും, കൂറും പ്രദർശിപ്പിക്കുവാൻ തീർച്ചപ്പെടുത്തി അതിൽ എനിക്കു ലേശവും സങ്കോചം തോന്നുന്നില്ല. നീയും എന്നോടുകൂടി വരണം" ആമിന സുബൈദയോടുകൂടി പല്ലക്കിൽ കയറി. വളരെ ആദരവോടുകൂടിയാണ്' രാജ്യഭൃത്യന്മാർ അവരെ കൊണ്ടുപോയതു്. അവർ രാജകൊട്ടാരത്തിലെത്തി; ഒരു ഭടൻ അവരുടെ ആഗമനവാർത്ത രാജാവിനെ ഉണർത്തിച്ചു. ദാസികറം കല്പനപ്രകാരം സുബൈദയെ രാജസദസ്സിൽ പ്രവേശിപ്പിച്ചു. സുബൈദ തന്നെ വിളിപ്പിച്ചതിൻെറ രഹസ്യമറിയാതെ വിഷമിച്ചുവെങ്കിലും, യാതൊരുവിധദുരുദ്ദേശവുമില്ലെന്നവറം വിശ്വസിച്ചു. യാത്രയിലും അവിടെ എത്തിയ ശേഷവും അവറംക്കു ലഭിച്ച പെരുമാററവും മററും അവളിൽ ശുഭാപ്തി വിശ്വാസമാണ്' ജനിപ്പിച്ചതു്.

സുൽത്താൻ മുഹമ്മതിൻെറ ഗാംഭീര്യഭാവം സുബൈദയെ ആകർഷിച്ചു. ആരോഗ്യദൃഢഗാത്രനായിരുന്ന അദ്ദേഹത്തിൻെറ വിശാലമായ നെററിത്തടവും, തുടുത്ത കണ്ണുകളും അദ്ദേഹം ബുദ്ധിമാനും, ധീരനുമാണെന്ന് കാണിച്ചിരുന്നു. സുബൈദയെക്കണ്ടപ്പോറംതന്നെ സൌന്ദര്യത്തിൽ അവറംക്കു കിടനില്ക്കുന്നവറം തൻെറ അന്ത:പുരത്തിൽപോലുമില്ലെന്നു് സുൽത്താനു് ബോദ്ധ്യപ്പെട്ടു. സുൽത്താൻ ഗൌരവം വെടിയാത്ത സ്വരത്തിൽ സുബൈദയുമായിങ്ങിനെ സംഭാഷണമാരംഭിച്ചു.

സുൽത്താൻ:—"നിങ്ങളാണോ സുബൈദ?"

സുബൈദ:—"അതെ"

സുൽത്താൻ:—"ഞാൻ നിങ്ങളെ വരുത്തിയതെന്തിനാണെന്നറിയാമോ?"

സുബൈദ —"ഇല്ല"

സുൽത്താൻ:—"നിങ്ങളുടെ വിവാഹം നടന്ന ആ രാത്രി ഓക്കുന്നുണ്ടോ?

സുബൈദ.—"ഉണ്ട്, ഓക്കുന്നുണ്ട്"

സുൽത്താൻ.—"അന്നു രാത്രി നിങ്ങൾക്ക് ഗുരു തന്ന ആ മോതിരം ഇപ്പോഴും കൈവശമില്ലേ?"

സുബൈദ."—തിരുമേനി! അതെൻ്റെ പക്കലുണ്ട്. പരമരഹസ്യങ്ങളായിരുന്ന സംഗതികളാണിവകൾ. അങ്ങേക്കെങ്ങിനെ ഇതെല്ലാം അറിയാൻകഴിഞ്ഞുവെന്ന് എനിക്ക മനസ്സിലാകുന്നില്ല"

സുൽ.—"അതു ഇവിടെ കൊണ്ടുവന്നിട്ടില്ലേ?.

സുബൈദ.—"അതു ഞാൻ വീട്ടിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുകയാണ്. അഞ്ചുവർഷം തികയുന്നതിന്നു ഇനിയും രണ്ടു മണിക്കൂറോളം കഴിയണം. അതിന്ന് മുമ്പ് അതു ധരിക്കുവാൻ എനിക്ക പാടില്ല."

സുൽത്താൻ. "ആയിരിക്കാം. വിവാഹദിവസം നിങ്ങളുടെ ഭത്താവിന്ന് ലഭിച്ച മോതിരം കണ്ടാൽ നിങ്ങൾക്ക മനസ്സിലാകുമൊ.

സുബൈദ. "അതെനിക്ക് മനസ്സിലാക്കാൻ കഴിയും."

ൽത്താൻ മോതിരം സുബൈദയെ കാണിച്ചുകൊണ്ട് "ഇതാ! നോക്കു! ഇതാണോ മോതിരം?" എന്നു ചോദിച്ചു.

ഹബൈബ അതുകണ്ടപ്പോൾ തന്റെ ഭർത്താവിന്റെ മോതിരമാണതെന്നു് മലസ്സിലായി. അവളുടെ ഹൃദയം തുടിച്ചുതുടങ്ങി. അവൾ ഉൽഘണ്ഠാകുലയായി ചോദിച്ചു "തിരുമേനി! തീർച്ചയായും ഇതെന്റെ ഭർത്താവിന്റെ മോതിരമാണ്. ഇതങ്ങക്കെങ്ങിനെ ലഭിച്ചുവെന്നെനിക്കറിഞ്ഞുകൂടാ. ഈ മോതിരം അങ്ങയുടെ കയ്യിൽ കണ്ടതുകൊണ്ടു് ഞാനൊരു വിധവയാണൊ എന്നു സംശയിക്കുന്നു. എന്റെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ ഈ മോതിരം ഉപേക്ഷിക്കുവാൻ വഴിയില്ല." സുൽത്താന്നു് ഇതു കേട്ടപ്പോൾ ചിരിവന്നു. അദ്ദേഹം പറഞ്ഞു അല്ലയോ വനിതാരത്നമേ! നീ വിശ്വസിച്ചാലും! നീയൊരുവിധവയല്ല."

സുബൈദ: "എങ്കിൽ എന്റെ ഭർത്താവ് വലുതായ ദാരിദ്ര്യത്തിൽപെട്ടു വലയുന്നുണ്ടായിരിക്കാം. യാതൊരു നിവ്വാഹവുമില്ലാത്ത ഘട്ടം ആസന്നമായപ്പോൾ അദ്ദേഹം മോതിരം വിററുകളഞ്ഞതായിരിക്കാം"

സുൽത്താൻ: "നിന്റെധാരണ തെററായിപ്പോയി. നിന്റെഭർത്താവ് വലിയ ധനികനായിരിക്കുന്നു."

സുബൈദ: "എന്നാൽ അങ്ങ് ശക്തി ഉപയോഗിച്ചോ, ചതിപ്രയോഗിച്ചോ ആയിരിക്കാം ഈ മോതിരം കൈവശപ്പെടുത്തിയതു്."

സുൽത്താൻ: (ആശ്ചര്യത്തോടെ) "നിങ്ങൾ അശേഷവും ബുദ്ധിയില്ലാത്ത ഒരു സ്ത്രീയാണു് എന്നതിന്നു സംശയമില്ല. സുൽത്താൻ മുഹമ്മത് ചതിയനൊ, ദുർവൃത്തനോ ആണെന്നു് ആരും പറഞ്ഞുകേട്ടില്ല."

സുബൈദ:—"എൻെറ അറിവില്ലായ്മയെ അങ്ങ് സദയം ക്ഷമിക്കണം! എന്നാൽ അങ്ങക്ക് ഈ മോതിരം എങ്ങിനെ ലഭിച്ചു?"

സുൽത്താൻ:—"വിവാഹദിവസം ഗുരു എൻെറ വിരലിൽ ഇട്ടതന്നമോതിരമാണിതു്."

സുബൈദ ഇതു കേട്ടപ്പോൾ ലജ്ജിച്ചു് തല താഴ്ത്തിപോയി അവളുടെ തല കറങ്ങുന്നതുപോലെ അവൾക്കു് തോന്നി. മഹാരാജാവായ സുൽത്താൻ മുഹമ്മതിൻെറ പത്നിയാണവളെന്നാണു് അവൾ കേൾക്കുന്നതു്. അവൾക്കെന്താണു് പറയേണ്ടതെന്നുതന്നെ മനസ്സിലായില്ല ആത്മസംയമനം ചെയ്തുകൊണ്ടു് അവൾ പറഞ്ഞു!

"അല്ലയോ മഹാരാജാവെ! അങ്ങയുടെ ദാസിയുടെ അപരാധങ്ങൾ പൊറുത്തുതരണം. അങ്ങു് അരുളിയതുപോലെ ഞാനൊരു കഥയില്ലാത്ത പെണ്ണാണു്. അറിവില്ലായ്മയാൽ ചെയ്തുപോയ തെററു അങ്ങു് ക്ഷമിച്ചുതരണം!" അവൾക്കു് തുടന്നു സംസാരിക്കുവാൻ കഴിഞ്ഞില്ല. സൈനദ്ധീനെക്കുറിച്ചു് അവൾ ഓർത്തുപോയി. അവൾ ആത്മാർത്ഥമായി സ്നേഹിക്കുന്നതു് അദ്ദേഹത്തെയാണു്. എന്നിരുന്നാലും അവൾ നാലഞ്ചുവർഷമായി വിഷമങ്ങളില്ലാതെ കഴിയുകയായിരുന്നു. ഇപ്പോൾ അവൾ കേൾക്കുന്നതു്, അവൾ മഹാരാജാവിൻെറ ഭാര്യയാണെന്നാണു്. അതിലവൾക്കു് അഭിമാനമോ സന്തോഷമോ തോന്നിയില്ല. അന്യോന്യം പ്രേമമില്ലാത്ത ദാമ്പത്യം പരാജയപ്പെട്ടമെന്നവൾക്കറി

യാമായിരുന്നു. ധാർമ്മികമായി അവൾ ഭർത്താവിനെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടവളാണെങ്കിലും സൈനദ്ധീനെ ഒഴികെ മറെറാരാളെ സ്നേഹിക്കുവാൻ അവൾക്കു സാധിക്കുകയില്ല. പലപ്പോഴും സ്നേഹത്തിന്നു് വഴിമാറിപ്പൊട്ടുകുവാൻ നിയമം നിർബ്ബന്ധിതമാകാറുണ്ടല്ലോ. അവളീവിധം ചിന്തിച്ചു നില്ക്കുന്നതിന്നിടയിൽ രാജാവ് പറഞ്ഞു, "ഹേ! സൌന്ദര്യ്യതാരമെ! നീ എൻെറ ഭാര്യ്യയാകുന്നു. നിന്നെ ഞാൻസ്വീകരിക്കുന്നതിന്നുമുമ്പ് നിന്നോട്ട് ചില സംഗതികൾ ചോദിക്കാനുണ്ടു്. നീ അതിന്നെല്ലാം സത്യമായ ഉത്തരങ്ങൾതരണം. നീ വാടകപോലും കൊടുക്കാതെ എന്തു ബന്ധത്തിന്മേലാണ് സൈനദ്ധീൻെറ വീട്ടിൽ താമസിക്കുന്നതു? നിൻെറ തോഴിയായ ആമിന എന്തിനാണ് എപ്പോഴും സൈനദ്ധീൻെറ വീട്ടിൽ പോകുന്നതു്?" സുബൈദ ഇതു കേട്ടപ്പോൾ ലജ്ജിച്ചു തല താഴ്ത്തി. അവളുടെ മുഖം വിളറി. ചുണ്ടുകൾവരണ്ടു. ആദ്യത്തെ ചോദ്യത്തിന്നു് ഉത്തരം പറയാതെ അവൾ പറഞ്ഞു. "ആമിന എൻെറ അറിവോടുകൂടിയൊ എൻെറ ആവശ്യത്തിന്നായൊ ആ വീട്ടിൽ പോയതായി ഞാൻ ഓക്കുന്നില്ല. അയാളെ സമീപിക്കുകയോ എനിക്കുവേണ്ടി വല്ലതും സ്വീകരിക്കുകയോ ചെയ്യരുതെന്നു് ഞാൻ അവളെ ഉപദേശിക്കുകയും ചെയ്തിരുന്നു."

സുൽത്താൻ:—"വിവാഹിതയും യൌവ്വനയുക്തയുമായ നിങ്ങൾ സൈനദ്ധീൻെറ പക്കൽനിന്നു് വളരെ വിലപിടിച്ചഒരുരത്നമാലസ്വീകരിച്ചതുശരിയാണൊ?

സുബൈദ:—"അങ്ങ് സർവ്വജ്ഞനല്ലെന്നു എനിക്കു മനസ്സിലാകുന്നു. ഈ എളിയവൾ അതു സ്വീകരിക്കാതെ മടക്കി അയക്കുകയാണുണ്ടായതു്".

സുൽത്താൻ.—"അങ്ങിനെയല്ല; നിങ്ങൾ അതെനിക്കു വില്ക്കുകയാണുണ്ടായതു്. ഇതാണു് ആ മാല" എന്നുപറഞ്ഞു് ആ മാല എടുത്തു കാണിച്ചുകൊടുത്തു. അതു കണ്ടപ്പോൾ അവൾക്കല്പം വിഷമമുണ്ടായി. അവൾ പറഞ്ഞു "തിരുമേനി! ഞാനാണൊ ഈ മാല അങ്ങയ്ക്കു് വിററതു്?"

സുൽത്താൻ.—"അല്ല, നിൻെറ ദാസിയും സ്നേഹിതയുമായ ആമിനയാണു് വിററതു്. ഞാൻ അവളെ വരുത്തട്ടെ?" ഇതു കേട്ടപ്പോൾ സുബൈദ അല്പം ആലോചിച്ചുനോക്കി. ആമിനയെ വരുത്തിയാൽ ആമിന കുററക്കാരിയായിത്തീരും. ആമിന തന്നെ വളരെ സഹായിച്ചവളാണു്. അവളെ ശിക്ഷയ്ക്കു് വിധേയയാക്കുവാൻ പാടില്ല എന്നോർത്തു് അവൾ പറഞ്ഞു "വേണ്ട. ഞാൻ കുററങ്ങൾ സമ്മതിക്കുന്നു. എൻെറ ആവശ്യമനുസരിച്ചാണു് അവൾ ആ മാല വിററതു. ഞാൻ കുററക്കാരിതന്നെയാണു്?"

ഇതു കേട്ടു് രാജാവു് അത്ഭുതപ്പെട്ടു. അദ്ദേഹം ചോദിച്ചു "വിവാഹിതയായ നീ എങ്ങിനെയാണു് ആ സമ്മാനം സ്വീകരിച്ചതെന്നു് ഇനിയും പറഞ്ഞില്ലല്ലോ?"

സുബൈദ:—"സൈനുദ്ധീനു് എൻെറ നേരെ ഉണ്ടായ അമിതമായ അനുരാഗത്തിൻെറ ഒരു അടയാളമായി ഞാനതു് സ്വീകരിച്ചു."

സുൽത്താൻ.—"നിങ്ങൾ എന്താണ് പറഞ്ഞതു്? ഏതു തരം അനുരാഗമാണതു്?"

സുബൈദ —"അല്ലയോ രാജാവെ! ഞാൻ നീചയും നികൃഷ്ടയുമായ ഒരു സ്ത്രീയാണ്. അങ്ങയുടെ പത്നീപദമലങ്കരിക്കുവാൻ ഞാൻ ഒന്നുകൊണ്ടും അർഹയല്ല. ഞാൻ എന്നും അങ്ങയോടു് കൂറുള്ള ദാസിയാണ്. എന്നെ അങ്ങ് വിവാഹംചെയ്തിരുന്നതിനെ അങ്ങ് വിസ്മരിക്കണം! ഇങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു് കരുതി അങ്ങെന്നെ വിട്ടയക്കണം".

ഇത്രയും പറഞ്ഞു് അവൾ അവിടെനിന്നു് പോകുവാൻ ഭാവിക്കുകയായിരുന്നു. പലവിധചിന്തകളിൽ വ്യാപൃതനായിരുന്ന രാജാവ് അതുകണ്ടപ്പോൾ പൊട്ടിച്ചിരിച്ചു. ചിരികേട്ടു് സുബൈദ തിരിഞ്ഞു നോക്കി. രാജാവ് സ്നേഹത്തിലും മൃദുലമായ ഭാഷയിലും ഇങ്ങിനെ പറഞ്ഞു "പ്രിയപ്പെട്ടസുബൈദ! ഭവതി തീച്ചയായും എന്നെ തോല്പിച്ചുകളഞ്ഞു നാം അന്യോന്യം പരീക്ഷിക്കുകയായിരുന്നു. നിങ്ങൾ വിജയിച്ചുകഴിഞ്ഞു ഇങ്ങു് വരൂ! പോകാൻ സമയമായില്ല ക്ഷമിക്കൂ! നിങ്ങൾ ഒരിക്കലും നികൃഷ്ടയല്ല. ഞാൻ നിങ്ങളുടെ ഭർത്താവുമല്ല; പോകാൻ വരട്ടെ."

സുബൈദ:—"പ്രഭോ! അങ്ങയുടെ ഈ ജാലവിദ്യകളൊന്നും എനിക്കു മനസ്സിലാകുന്നില്ല ഞാനൊരു സാധു സ്ത്രീയാണു്. ധീരനായൊരു രാജാവിൻെറ പരീക്ഷണങ്ങൾക്കു വിധേയയാകുവാൻ മാത്രം ശക്തയല്ല ഞാൻ"

സുൽത്താൻ.—"ചിലപ്പോ൦ ഇങ്ങിനെയെല്ലാം വേണ്ടിവരും. സുമാർ ആറ കൊല്ലങ്ങ൦ക്കു് മുമ്പു് നിങ്ങ൦ക്കു് നിങ്ങളുടെ ആഭരണപ്പെട്ടിയിൽനിന്നു് ഒരു കടലാസ്സ് കിട്ടുകയുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിപ്പോഴും സൂക്ഷിച്ചുവെച്ചിട്ടുണ്ടോ?"

സുബൈദ.—"അങ്ങു് എൻെറ ജീവിതത്തിലെ രഹസ്യവശങ്ങ൦ മിക്കവാറും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഒരു ഭാഗം കീറിപ്പോയ ഒരു കത്തായിരുന്നു അതു്. അതിൽ എൻെറപേർ കണ്ടപ്പോ൦ അതെന്നെ സംബന്ധിച്ച വല്ല വിവരവുമായിരിക്കുമെന്നു കരുതി, അതാക്കെങ്കിലും കാണിക്കുകയൊ ആരോടെങ്കിലും അതിനെ സംബന്ധിച്ചന്വേഷിക്കുകയോ ചെയ്തില്ല. അതിപ്പോഴും ഞാനെൻെറ പെട്ടിയിൽ സൂക്ഷിച്ചിരിക്കുകയാണ്."

സുൽത്താൻ.—"വളരെനല്ലതു്, പല്ലക്കു് തയ്യാറുണ്ടു് നിങ്ങ൦ വേഗം പോയി പ്രസ്തുത മോതിരവും കടലാസ്സുകഷണവും എടുത്തുകൊണ്ടുവരിക. അനന്തരം ഞാൻ എല്ലാ സംഗതികളും വ്യക്തമാക്കിത്തരാം."

സുബൈദ. സുൽത്താൻെറ കല്പനപ്രകാരം പല്ലക്കിൽ കയറി സ്വഗൃഹത്തിലേക്കു് പോയി. അവ൦ ഭദ്രമായി സൂക്ഷിച്ചിരുന്ന മോതിരം എടുത്തു. ഇതിലെല്ലാംഅന്തർലീനമായിക്കിടക്കുന്നരഹസ്യങ്ങളെന്തൊക്കെയാണെന്നു് അറിയുവാനുള്ള ഉൽക്കണ്ഠയോടെ അവ൦ ക്ഷണത്തിൽ രാജസന്നിധിയിൽ മടങ്ങിയെത്തി. മോതിരവും കടലാസ്സും വിനയപൂർവ്വം സുൽത്താൻെറ

ഹസ്തങ്ങളിൽ സമർപ്പിച്ചു. സുൽത്താൻ അതു വളരെ സൂക്ഷിച്ചു പരിശോധിച്ചശേഷം, മറെറാരു കഷണം കടലാസ്സ് അതിനോട് ചേർത്തുകൊണ്ടു് സുബൈദക്കു തിരിച്ചുകൊടുത്തു. രണ്ടുകടലാസ്സുകഷണങ്ങളും ചേർത്തു വെച്ച് വായിക്കാനാവശ്യപ്പെട്ടു. ഒരേ കടലാസ്സ് കീറിയ രണ്ടു കഷണങ്ങളായിരുന്നു അവ. സുബൈദ പരിഭ്രമത്തോടും ഉൽക്കണ്ഠയോടും കൂടെ ഇങ്ങിനെ വായിച്ചു. "എന്റെ അഭിപ്രായത്തിൽ നിങ്ങളുടെ ആലോചനകൾ ആപൽക്കരങ്ങളാണെന്ന് തോന്നുന്നു സുബൈദയെപ്പോലെയുള്ള ഒരു ബാലികയെ കഷ്ടപ്പെടുത്തുന്നതു് ശരിയല്ല അവളുടെ വിവാഹം ശുഭകരമല്ല അവൾ ചെറുപ്പത്തിൽത്തന്നെ ഒരു വിധവയായി തീരുമെന്നു് ഞാനെന്റെ ജ്ഞാനദൃഷ്ടികൊണ്ടു് കാണുന്നു. എങ്കിലും അഞ്ചുകൊല്ലംവരെ ദമ്പതിമാർ അന്യോന്യം കാണാതിരുന്നാൽ ഈ ആപത്തു് കൂടാതെകഴിക്കാമെന്നു് എനിക്കഭിപ്രായമുണ്ടു്." സുബൈദ വായിച്ചവസാനിച്ചു. സുൽത്താൻ പറഞ്ഞു "ഇതു നിങ്ങളുടെ പിതാവിനു് ഗുരു അയച്ച ഒരു എഴുത്താണ്."

സുബൈദ. "അതു എനിക്കിപ്പോൾ മനസ്സിലായി വിവാഹത്തിന്റെ സന്ദർഭത്തിൽ ഞങ്ങളുടെ കണ്ണുകൾകെട്ടിച്ചതിന്റെ കാരണം ഇപ്പോഴാണ് വ്യക്തമാകുന്നതു്. ചില സംഗതികൾ മനസ്സിലാകുന്നുണ്ടെങ്കിലും മററു ചിലതു് ഇപ്പോഴും അജ്ഞാതമായിട്ടാണു് ഇരിക്കുന്നതു്."

KOTTAYAM PUBLIC LIBRARY KOTTAYAM

സുൽത്താൻ — "ഗുരുവിന്റെ ഈ കത്തു കിട്ടിയപ്പോഴാണ് പിതാവ് നിങ്ങളുടെ വിവാഹ നിശ്ചയം ദുർബ്ബലപ്പെടുത്തിയതു്. ആ വാർത്തയറിഞ്ഞപ്പോൾ സൈനുദ്ദീൻ സ്വദേശം വെടിഞ്ഞു. ഇതിനിടയിൽ നിങ്ങളുടെ പിതാവിന്റെ അപേക്ഷപ്രകാരം ഗുരു നിങ്ങൾക്ക് യോജിച്ച ഒരു ഭർത്താവിനെ അന്വേഷിക്കുകയും ഒരാളെ കണ്ടെത്തുകയും ചെയ്തു. ഗുരു തന്റെ ജ്ഞാനദൃഷ്ടികൊണ്ടു് അയാൾക്കു് ഇരുപത്തെട്ടാമത്തെ വയസ്സിൽ ഒരാപത്തിലകപ്പെടുവാൻ വഴിയുണ്ടെന്നും അതിനെ അതിജീവിച്ചാൽ ചിരംജീവിയായിരിക്കുമെന്നും മനസ്സിലാക്കി അതിന്നിടയിൽ വിവാഹം നടന്നാൽ ഭാര്യാഭർത്താക്കന്മാർ അന്യോന്യം കാണാതിരിക്കുന്ന പക്ഷം ആപത്തിൽനിന്നു് രക്ഷപ്പെടാമെന്നും അദ്ദേഹം ഗ്രഹിച്ചു. അതുകൊണ്ടു് വിവാഹം നടത്തിക്കളയാമെന്നുതീരുമാനിക്കയും ചെയ്തു. പക്ഷെ ഇതിന്നിടയിൽ വല്ല ചാപല്യത്തിന്നും നിങ്ങൾ വശംവദയായേക്കുമോ എന്ന ശങ്കകൊണ്ടാണ് നിങ്ങൾക്കു് മുന്നറിവിന്നായി ആ കടലാസ്സുകഷണം നിങ്ങളുടെ ആഭരണപ്പെട്ടിയിൽ ഇട്ടതു. നിങ്ങളുടെ പിതാവിന്റെ മരണവും തൽഫലമായി നിങ്ങൾ അനുഭവിക്കേണ്ടിവന്നകഷ്ടതകളുംമുൻകൂട്ടി കാണാൻകഴിയാത്ത സംഗതികളായിരുന്നു. അതുനിമിത്തം ഈ സംഗതികൾക്കെല്ലാം അല്പം വ്യത്യസങ്ങൾ വന്നു. ഈ സംഭവങ്ങൾക്കുശേഷം ഗുരുവന്ദ്യൻ എന്റെ അടുക്കൽ വരികയും, നിങ്ങളുടെ എല്ലാ വിവരങ്ങളും വിവാഹത്തിന്റെ രഹസ്യങ്ങളും എന്നെ ധരിപ്പിക്കുകയും

ചെയ്തു നിങ്ങളെ പ്രത്യേകം ശ്രദ്ധിക്കേണമെന്നും ആവശ്യമായ സൌകര്യങ്ങൾ ചെയ്തു തരേണമെന്നും ഗുരു എന്നെഏല്പിച്ചിരിക്കുന്നു. നിങ്ങളുടെ ഭർത്താവ് ഈ പട്ടണത്തിൽതന്നെ അധിവസിക്കുന്ന ഒരാളാണെന്നും, നിങ്ങൾ അന്യോന്യം കാണുവാനിടവരുത്താതെ സൂക്ഷിക്കേണമെന്നും ഗുരു പ്രത്യേകം പറഞ്ഞിരുന്നു. നിങ്ങളുടെ ഭർത്താവിനെ എനിക്കറിയാം. നിങ്ങളെ സഹായിക്കുവാനായി ആമിനയുടെ പക്കൽ പണം കൊടുത്തയക്കുന്നതു്.ഞാനാണ്. നിങ്ങളുടെ പിതാവിൻെറ ഭവനം നിങ്ങൾക്കുവേണ്ടി വാങ്ങിയതും, നിങ്ങളെ അതിലേക്ക് മാററിത്താമസിപ്പിച്ചതും ഞാനാണ്. നിങ്ങളുടെ സത്യനിഷ്ഠയേയും,ധാർമ്മികനിലവാരത്തേയും പരിശോധിക്കുവാനായി ഒരുരത്നമാല കൊടുത്തയച്ചതും ഞാനായിരുന്നു.''

സുബൈദക്കജ്ഞാതമായ പലതും സുൽത്താൻസംസാരിക്കുന്നുണ്ടെങ്കിലുംഅവൾക്കുഅറിയുവാൻ ഏററവും ആശയുള്ള ആ വിവരം ഇനിയും പറഞ്ഞു കഴിഞ്ഞിട്ടില്ല. അവൾ ചോദിച്ചു "തിരുമേനി! അങ്ങ് പറയുന്നതെല്ലാം എനിക്കു മനസ്സിലാകുന്നുണ്ട്. ആ മോതിരം അങ്ങക്കെവിടന്നാണ് ലഭിച്ചതു്. അതു കാണിച്ച് അങ്ങ് എൻെറ ഭർത്താവാണെന്നു് പ്രലോഭനപ്പെടുത്തിയതു് എന്തിനാണ്? ഞാൻ സൈനുദ്ധീൻെറ വീട്ടിലാണ് താമസിക്കുന്നതെന്നു് എന്നെ തെററിധരിപ്പിച്ചതെന്തിനായിരുന്നു?''

സുൽത്താൻ.—"ഗുരുവിൽനിന്ന ഈ വിവരങ്ങൾ എനിക്കുകിട്ടിയതിനുശേഷം നിങ്ങളുടെ ജീവിതരീതികളേയും, സ്വഭാവശുദ്ധിയേയും ഞാൻ പരീക്ഷിക്കുകയായിരുന്നു. നിങ്ങളുടെ എല്ലാ വിവരങ്ങളും അപ്പപ്പോൾ എന്നെ അറിയിക്കുവാനായി ഞാൻ ആളുകളെ നിശ്ചയിച്ചിരുന്നു. അവർ മുഖേന എല്ലാ വിവരങ്ങളും ഞാൻ അറിഞ്ഞുകൊണ്ടിരുന്നു. നിങ്ങളുടെ വിവാഹം കഴിഞ്ഞു് അഞ്ചു വർഷം തികയുന്ന ഇന്നു് നിങ്ങളുടെ ഭർത്താവിനെ ആളയച്ചു വരുത്തിയിരുന്നു. അദ്ദേഹത്തോടു, ഇന്നു നിങ്ങളുടെ പതിയെ കണ്ടു കിട്ടുമെന്നു് ഞാൻ പറഞ്ഞു അപ്പോൾ അയാൾ പറഞ്ഞതു് താണ "പ്രഭോ! ക്ഷമിക്കണം! എനിക്കവളെ കാണാൻ അശേഷവും ആഗ്രഹമില്ല. ഞങ്ങൾ അന്യോന്യം അടുക്കാതിരിക്കുകയാണു് നല്ലതു്." അദ്ദേഹത്തോടു് എനിക്കു് അധികാരസ്വരത്തിൽ സംസാരിക്കേണ്ടിവന്നു. അപ്പോൾ അയാൾ കീഴടങ്ങി ഇപ്രകാരം പറഞ്ഞു "മഹാനായ സുൽത്താൻ! അവളുടെ ഇതുവരെയുള്ള ജീവിതത്തെക്കുറിച്ചും സദാചാരനിഷ്ഠയെക്കുറിച്ചും എനിക്കറിഞ്ഞുകൂട. എന്റെപത്നിയായിരിക്കുവാൻ അവൾ അർഹയാണോ എന്നു് അങ്ങു് തീരുമാനിച്ചാൽ മതി. ഈ വിഷയത്തിൽ അങ്ങു് വീഴ്ച കാണിക്കുകയില്ലെന്നു് പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു് ഞാൻ അങ്ങയുടെ കല്പനകൾക്കു് വിധേയനാകുന്നു" അതുകേട്ട ഞാൻ അദ്ദേഹത്തിന്റെപക്കൽനിന്നു് ഈ മോതിരം വാങ്ങുകയും, നിങ്ങളെ പരീക്ഷിക്കുകയും ചെയതു്. എന്റെ

പരീക്ഷണങ്ങളിൽ നിങ്ങൾ തികച്ചും വിജയിച്ചിരിക്കുന്നു.'

സമയം രാത്രി പതിനൊന്ന് മണിയാകാറിയി. ചന്ദ്രകയിൽ ആ പ്രദേശം മിന്നിത്തിളങ്ങി. പൂനിലാവിൻെറ പ്രഭ രാജകൊട്ടാരത്തെ തലയോട്ടുകയാണ്. അതുവരെയും നിശ്ശബ്ദമായിരുന്ന രാജധാനി പലവിധ വാദ്യഘോഷങ്ങളാൽ മുഴങ്ങിത്തുടങ്ങി. രാജകീയ വാദ്യഘോഷങ്ങളുടെ ഭേരി പ്രത്യേകം കേൾക്കാമായിരുന്നു. സംഗീതവിദ്വാന്മാരുടെ മാധുര്യ്മേറിയ ഗാനങ്ങൾ രാജകീയ കുഡുംബാംഗങ്ങളെ ആനന്ദസാഗരത്തിൽ ആറാടിപ്പിച്ചു. ഇതെല്ലാം സുബൈദയെ പരിഭ്രമേചിത്തയാക്കി എന്നാലും ഇതുവരെയുണ്ടായിരുന്നതിലും ദയനീയത അവൾക്കുണ്ടാകുകയില്ലെന്ന് അവൾ ആശ്വസിച്ചു സുൽത്താൻ സബൈദ ആസന്നസ്ഥയായിരുന്ന മുറിയിൽചെന്നു അവളോടിങ്ങനെ പറഞ്ഞു "സുബൈദ! ഇതാ! മണിപതിനൊന്നായി നിങ്ങളുടെ ഭർത്താവ് ആഗതനായിട്ടുണ്ട് അദ്ദേഹത്തെ കാണുവാനുള്ള സമയം ആസന്നമായി ഇതിലെ കടന്നു വന്നാലും!" എന്നു പറഞ്ഞു് വഴി കാണിച്ചുകൊടുത്തു ഇതിന്നിടയിൽ സബൈദ ഇരുന്നിരുന്ന വിശാലമായ മുറിയുടെ പിൻഭാഗത്തുള്ള ഒരു വതിൽ തുറക്കപ്പെട്ടിരുന്നു. കമനീയമായി അലങ്കരിച്ചിരുന്ന ആ മുറിയിൽ കോമളനായ ഒരു യുവാവ് ഇരിക്കുന്നുണ്ടു്. സുൽത്താൻ "സുബൈദ! ഇതാ! നിങ്ങളുടെ ഭർത്താവ്! സസന്തോഷം സ്വീകരിച്ചാലും!" എന്നുപറഞ്ഞു.

സുബൈദ തലയുയർത്തി നോക്കി അവളുടെ കണ്ണുകൾ അവളെ വഞ്ചിക്കുകയാണോ എന്നവൾക്കു തോന്നി. ഹാ! അവൾ ആരെയാണ് അവിടെ കണ്ടതു്? അവൾ സ്വപ്നം കാണുകയാണോ എന്നവൾ സംശയിച്ചു. അവളുടെ ഇഷ്ടകാമുകനും, അവൾ തൻെറ ഹൃദയക്ഷേത്രത്തിൽ വെച്ചാരാധിക്കുന്ന "പരദേവത" യുമായ സൈനുദ്ധീനാണ് അവിടെ പുഞ്ചിരി പൊഴിച്ചുകൊണ്ടു് നില്ക്കുന്നതു്!!! സുബൈദയേക്കാളധികം സൈനുദ്ധീനും സന്തോഷിച്ചു. ഇതെല്ലാം യാഥാർത്ഥ്യങ്ങളാണോ എന്ന് അവനും സംശയിക്കുന്നുണ്ടു്. അവൎക്ക് പരസ്പരം മുഖത്തു് നോക്കുവാനൊ, സംസാരിക്കുവാനൊ സാധ്യമായില്ല. അവരിൽ ആനന്ദാശ്രു അടൎന്നു വീഴുവാൻ തുടങ്ങുകയാണ്. സുൽത്താൻ മൌനം ഭജ്ജിച്ചു "സൈനുദ്ധീൻ! നിങ്ങളുടെ ഹൃദയംഗമമായ പ്രേമത്തിന്നും ബഹുമാനത്തിന്നും സദാ അർഹയാണ് സുബൈദ. വളരെയേറെ യാതനകൾക്ക് വിധേയയായിട്ടും അവർ നിങ്ങളുടെ നേരെയുള്ള സ്നേഹം വെടിയുകയുണ്ടായില്ല. സുബൈദയുടെ ഓരോ ചലനങ്ങൾ കൂടിയും രഹസ്യാന്വേഷകന്മാർ മുഖേന അറിഞ്ഞുകൊണ്ടിരുന്ന എനിക്കു് സുബൈദയുടെ ഹൃദയത്തിൽ സൈനുദ്ധീനല്ലാതെ മറ്റാക്കും സ്ഥലം അനുവദിച്ചിട്ടില്ലെന്ന് സധൈര്യം പ്രസ്താവിക്കുവാൻ കഴിയും. നിങ്ങളുടെ ആവശ്യപ്രകാരം ഞാൻ സുബൈദയെ വളരെ പരീക്ഷിക്കുകയുണ്ടായി. സീമയില്ലാത്ത സമ്പത്തോ, രാജപദവിതന്നെയുമോ അവർ ആഗ്രഹിക്കുന്നില്ല. സുബൈദ നിഷ്കളങ്കയും സൌമ്യവതിയും, സുശീലയുമാണ്. സുബൈദ! നിങ്ങളെ ഞാൻ അദരപൂർവ്വം അഭിനന്ദിക്കുന്നു ആമിന

യെ കുററക്കാരിയാക്കരുതെന്നു കരുതി നിങ്ങറം ചെയ്യാ ത്തതിനെ നിങ്ങറം സമ്മതിച്ചതിൽ നിങ്ങളുടെ വിശാ ലമനസ്ഥത വ്യക്തമാകുന്നുണ്ടു്. നിങ്ങറം ഇരുപേരെയും അല്ലാഹ്ഹ അനുഗ്രഹിക്കുകയും സന്മാർഗ്ഗികളാക്കുകയും ചെയ്യട്ടെ!

വിദേശ രാജ്യങ്ങളിൽ വ്യപാരാൎത്ഥം സഞ്ചരിച്ചി രുന്ന സൈനുദ്ധീൻ ഗുരുവിൻെറ സ്വദേശത്തു് വന്നു് തന്നെ വിവാഹംചെയ്തതെങ്ങനെയാണെന്നു് സുബൈദ സുൽത്താനോടു് ചോദിച്ചറിഞ്ഞു. സൈനുദ്ധീൻെറ പിതാവുമായി ആലോചിച്ചിട്ടാണു് ഗുരു വിവാഹം ന ടത്തിയതെന്നും, പിതാവിൻെറ നിർദ്ദേശപ്രകാരം സൈനുദ്ധീൻ ഗുരുവിൻെറ നാട്ടിലേക്കു് വന്നതാണെ ന്നും, വധുവിനെപ്പററി സൈനുദ്ധീൻ അജ്ഞനായിരു ന്നെന്നും, സൈനുദ്ധീൻ നാട്ടിലിറങ്ങാതെയാണു് ഗുരു വിൻെറ ദേശത്തേക്കു് പോയതെന്നും സുബൈദക്കു് മനസ്സിലായി

സൈനുദ്ധീൻ ബഹുമാനപുരസ്സരം സുൽത്താനോ ടിങ്ങനെ പറഞ്ഞു "എൻെറഹൃദയത്തിന്നു് കുളൎമ്മയും, മനസ്സിന്നു് സന്തോഷവും പ്രദാനം ചെയ്ത പ്രഭോ! അ ങ്ങേക്കു് എപ്രകാരമാണു് നന്ദിപറയേണ്ടതെന്നു് എനി ക്കറിഞ്ഞുകൂട. അഖിലലോക സംരക്ഷകനായ അല്ലാ ഹ്ഹ അങ്ങയെ അനുഗ്രഹിക്കട്ടെ! ഞങ്ങറം എന്നും അങ്ങ യോടു് അതിരററ കൂറും ഭക്തിയും ഉള്ളവരാണ."

ഇങ്ങിനെ അന്യോന്യം അഭിനന്ദനങ്ങളും ആശീ ൎവ്വാദങ്ങളുംചെയ്തു് അവർ പിരിഞ്ഞു സൈനുദ്ധീനും സു ബൈദയും സുഖസംതൃപ്തിയോടെ കാലം കഴിച്ചുവന്നു.

ശുഭം.

# ആമിനാ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| അജ്ഞാതവരൻ | കെ. ബി. അബൂബക്കർ | 0 | 50 |
| അവളാണ് വമ്പത്തി | എം. വി. അലിക്കുട്ടി | 1 | 50 |
| അച്ഛനില്ലാത്ത മകൻ | ഇട്ട്യേര | 0 | 90 |
| ആ കനി വിലക്കപ്പെട്ടതാണ് | പടിയത്ത് | 1 | 00 |
| ഒരു ചുംബനത്തിൻെറകഥ | മൊപ്പസാങ്ങ് | 0 | 50 |
| ഓവിൻെറ മകൾ | അലിക്കുട്ടി | 1 | 25 |
| കപടനാടകം ഡി. | എം. ആർ | 2 | 00 |
| കണ്ണുകൾ | അനുജൻ എം. എ. | 0 | 40 |
| കഥയില്ലാത്ത കാമുകന്മാർ | അബ്ദുറഹീം | 0 | 31 |
| കാണാതായ കന്യക ഡി. | രാജൻ | 1 | 00 |
| കൂട്ടിലിട്ട കിളി | ഹസ്സൻ | 0 | 25 |
| ചെങ്കോട്ടയിലെ ബഹ്റാം ഡി. | ഖാരി | 0 | 40 |
| ജമീൽ ഡി. | അബ്ദുൽഖാദർ ഖാരി | 2 | 50 |
| ഞാൻ വേശ്യയാണ് | മലബാരി | 1 | 00 |
| തമാശരാമൻ ഡി. | ഖാരി | 2 | 00 |
| തെണ്ടികൾ | എം. വി. അലിക്കുട്ടി | 1 | 75 |
| ധീരവനിത അഥവാ ഷാംവിജയം | ഖാരി | 2 | 00 |
| ട | രണ്ടാംഭാഗം ഖാരി | 2 | 00 |
| ടി | മൂന്നാം ഭാഗം ,, | 2 | 00 |
| പ്രേമവിജയം അഥവാ ഖന്തഖ്‌യുദ്ധം | ,, | 4 | 00 |
| നഗ്നയായസുന്ദരി | മലബാരി | 1 | 25 |
| വേശ്യയുടെ രഹസ്യങ്ങൾ | ,, | 0 | 63 |
| മാന്ത്രീകദുർഗ്ഗം | എം. ആർ. നാരായണപിള്ള | 0 | 75 |

| | | | |
|---|---|---|---|
| നീലമലയിലെകൊല | ഡി. അനുജൻ M. A. | 0 | 40 |
| പാതകൃയുടെ താക്കോൽ ഡി. | ,, | 1 | 00 |
| മിന്നൽമരണം ഡി. | ,, | 1 | 25 |
| രജനിയുടെ രഹസ്യം ഡി. | ,, | 1 | 25 |

കഥകൾ.

| | | | |
|---|---|---|---|
| അഖിലലോകകഥകൾ | അനുജൻ എം. എ. | 5 | 00 |
| അഴകുള്ളകഥകൾ | അമ്പാടത്ത് | 1 | 25 |
| അഞ്ച് പ്രേമകഥകൾ | അലിക്കുട്ടി | 0 | 75 |
| അഴകുള്ള പൂക്കൾ | എം വി അലിക്കുട്ടി | 0 | 90 |
| ആണത്തമുള്ള പെണ്ണ് | ടി. പി. മാത്യു | 1 | 25 |
| ഈത്തപ്പഴം | കെ. ടി. മുഹമ്മദ് | 0 | 75 |
| എരിഞ്ഞിപ്പൂക്കൾ | അലിക്കുട്ടി | 0 | 50 |
| ഏഴു വിശ[illegible]കഥകൾ | അനുജൻ എം. എ. | 0 | 75 |
| കാട്ടുചോല | കെ. യു. അബ്ദുൽഖാദർ | 0 | 63 |
| കടലാസുവഞ്ചി | പി. ടി. എൽ. | 0 | 75 |
| കുപ്പിവളകൾ | യു. എ. ബീരാൻ | 1 | 12 |
| തലതിരിഞ്ഞ കാമുകൻ | മൊപ്പസാങ്ങ് | 1 | 00 |
| മുല്ലമൊട്ടുകൾ | ജോർജ്ജ് നെല്ലായി | 1 | 00 |
| പരിഷ്കരിച്ച പെണ്ണ് | കെ. ബ. | 0 | 75 |
| യേശുദേവൻ അനുഗ്രഹിക്കുന്നു | ഇ. പി. മുഹമ്മദ് അബ്ദുറഹിമാൻ | 0 | 63 |
| സാബുവിൻെറ കഥകൾ | സാബു | 1 | 25 |
| വിടരാൻ വെമ്പിയപൂമൊട്ട് | വി ബി നായരുശ്ശേരി | 1 | 25 |

**ആമിനാ ബുക്ക്സ്റ്റാൾ, തൃശ്ശൂർ-1**

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF3 ............ Acc. No. 84674

This book should be returned on or before the date last stamped below.

- 6 NOV 1995

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF3 84674

അബൂബക്കർ. കെ. ജി

അജ്ഞാതരായവർ